यथा दृष्टि तथा सृष्टि

*As is the Vision,so is the creation*

# ST JOSEPH'S COLLEGE OF PHARMACY

COLLEGE MAGAZINE 2023-2024



# Pharmacist's Oath

*I swear by the code of ethics of Pharmacy Council of India, in relation to the community and shall act as an integral part of health care team.*

*I shall uphold the laws and standards governing my profession.*

*I shall strive to perfect and enlarge my knowledge to contribute to the advancement of pharmacy and public health.*

*I shall follow the system which I consider best for Pharmaceutical care and counseling of patients.*

*I shall endeavor to discover and manufacture drugs of quality to alleviate sufferings of humanity.*

*I shall hold in confidence the knowledge gained about the patients in connection with my professional practice and never divulge unless compelled to do so by the law.*

*I shall associate with organizations having their objectives for betterment of the profession of Pharmacy and make contribution to carry out the work of those organizations. While I continue to keep this oath unviolated, may it be granted to me to enjoy life and the practice of pharmacy respected by all, at all times !*

*Should I trespass and violate this oath, may the reverse be my lot !*




St. Joseph, Our Beloved Patron



# *His Holiness*
# POPE FRANCIS

*Servant of God*

# Joseph C. Panjikaran



*Founder*

## Medical Sisters of St. Joseph (MSJ)



*His Eminence*

# Mar Raphael Thattil

Major Archbishop Ernakulam-Angamaly

GOVERNMENT OF KERALA

**Pinarayi Vijayan**

**CHIEF MINISTER**



No. 487/Press/CMO/24

# MESSAGE

I am happy to note that the St. Joseph's College of Pharmacy, Cherthala, Alappuzha, is planning to bring out a magazine for the current academic year.

I hope that the magazine would provide an excellent opportunity through various genres of writing. I appreciate the students' community for taking the responsibility in bringing up this magazine, while expressing their talents.

My best wishes.

**Pinarayi Vijayan**

# KERALA UNIVERSITY OF HEALTH SCIENCES

Medical College P.O, Thrissur, Kerala, India Pin - 680 596

Prof. (Dr.) Mohanan Kunnummal, MD
Vice-Chancellor



## Message

I am happy to know that St. Joseph's College of Pharmacy, Cherthala is publishing a magazine **SRISHTI** . I am sure that this college magazine will showcase the diverse talents and accomplishments of the students & faculty of the College .

I congratulate the editorial team for their hard work and dedication in bringing this magazine to life. My best wishes to the students, Faculty and the Management.

**Prof. (Dr.) Mohanan Kunnummal**
**Vice Chancellor**




# Director's Message

It is a pleasant event that the College Magazine **"SRISHTI"** is releasing a platform for the staff and students to express their views and dreams also an exhibition of their talents and achievements. In spite of the busy academic schedules, it is highly appreciated that the students get opportunity for extra curricular activities. This helps the all round development of their career and personality. I wish you all good luck and best wishes. I take the privileges to congratulate all the staff and students for their earnest efforts to make it a reality. Praying for the heavenly Blessings.

With regards,
Dr.Sr Betty Carla




# From the Principal's Desk

Dear Students, Faculty, and Staff,

I am delighted to welcome you to yet another edition of our college magazine, 'SRISHTI'. This publication not only showcases the academic achievements and talents of our students but also reflects the vibrant spirit and diversity of our campus community.

In the pages of 'SRISHTI", you will find the content that highlight the multifaceted brilliance that defines our institution.

I extend my heartfelt congratulations to the editorial team and all contributors for their hard work and commitment in making this magazine a success. Your efforts have truly captured the essence of our college experience.

As we celebrate this publication, let us continue to uphold the values of scholarship, integrity, and community that define us. May **SRISHTI** inspire and ignite our curiosity, creativity, and passion for knowledge.

Warm regards,
Dr.Sr.Daisy P.A
Principal



# STAFF EDITOR'S NOTE

Dear Readers,

Welcome to SRISHTI 2024, the vibrant magazine of St. Joseph's College of Pharmacy, Cherthala. This magazine is a celebration of our students' creativity, academic excellence, and community spirit. Inside, you'll find insightful articles, inspiring stories, and innovative research that reflect the dedication and talent of our college community. We hope SRISHTI inspires you and showcases the dynamic life at St. Joseph's College of Pharmacy. Happy reading!

Warm regards,
Dr. Jeny Samuel
Editor, SRISHTI



# Student Editor's Note

Dear readers,
Its my pleasure to introduce the latest edition of our College Magazine "SRISHTI". This magazine is the culmination of the creativity and hardwork of the students, faculties and staffs.

"Yatha drishti thatha Srishti" - "As is the vision so is the creation", just as the tagline says, your perception about the world creates the reality. You are an admixture of what you see, what you think, what you feel. Every people you meet, every situation you go through has an impact on you. It'll either help you to grow or break you into pieces. It's all about the perception; just like the two sides of a coin.

I would like to thank our College director Dr Sr Betty Carla, our dear Principal Dr.Sr Daisy P.A, the efficient Editorial team and the colleagues who have helped me in one way or the other in making this Annual magazine.

I conclude the Editor's note with a quote - "Miracles happen everyday, change your perception of what a miracle is and you'll see them all around you" – Jon Bon Jovi

So let's change our perception and find miracles around us

Happy Reading !

Ashly Mariam Varughese
Student Editor

*When someone you love becomes*
*a memory that memory becomes*
*a painful treasure to hold in you heart forever..*



Rev. Sr. Aurelia MSJ
(Former Administrator SJCP)



Rev. Sr. Joanna MSJ
(Previous Chairperson & Administrator)



Mrs. Manju Nair
(Associate Prof. & HOD
Dept. Pharmacognosy)



Mr. Sajin C.
(Asst. Prof. SJCP)



Ms. Cassia Mary Cherian
(Fifth Year Pharm.D)

# Achievements




St. Joseph's College of Pharmacy, Cherthala has been awarded the prestigous **QAS Accreditation A Grade**, by the Kerala University of Health Sciences, Thrissur, Kerala.This accreditation achievement demonstrates the commitment of the College in providing high quality Pharmacy education, adhering to established norms, and constantly striving for excellence in its academic programs. The certificate and memento were recieved by Dr. Sr. Daisy PA (Principal) and Dr. Boby Johns G (Professor & Head, Dept. of Pharmaceutics ) from the Hon. Vice Chancellor Prof. Dr. Mohanan Kunnummal in the presence of Pro Vice Chancellor Prof. Dr. CP Vijayan, Registrar Prof. Dr. AK Manoj Kumar and other dignitaries during an exclusive function held at the University head quarters on 18/03/2024.

St. JOSEPH'S
COLLEGE OF PHARMACY
*Aiming Excellence*
www.sjpharmacycollege.com

## Congratulations on your Doctorate


Dr. Sr. Biji P.A.


Dr. Sr. Neethu


Dr. Praveen Raj R.


Dr. Lakshmi

## Kerala University of Health Sciences Rank Holder



**Ms. Athulya Chandran**
**Third Rank 2023**
**M. Pharm**
**(Pharmaceutical Chemistry)**

# MAGAZINE EDITORIAL BOARD

## Staff editor



Dr. Jeny samuel
Associate professor
Dept of Pharmacy Practice

## Staff advisors



Dr. Boby Johns G
Professor & Hod
Dept of Pharmaceutics



Dr. Praveen Raj R
Professor
Dept Of Pharmaceutics

## Associate editors



Mr. Vipin Xavier
Assistant Professor
Computer & Biostatistics



Mrs. Lissy S
Associate Professor
Dept of Pharmacognosy



Mr. Albin T
Assistant Professor
Dept of Pharmaceutics



Ms. Neena Vijay
Assistant Professor
Dept of Pharmacology

## Student editor



Ms. Ashly Mariyam Varughese
S-8 B.Pharm

## Cover Page Designer



Ms. Mirzana Habeeb
S-7 B.Pharm

# Teaching Faculty Members



# താളുകളിലൂടെ...


Page No.

1. തായ്‌വേരുകൾ ........ 18
2. SHE ........ 19
3. എൻ പ്രിയ ചങ്ങാതി ........ 20
4. എൻ വിദ്യാലയം ........ 21
5. മൗനം ........ 22
6. Wild Flower ........ 23
7. Artificial Intelligence ........ 24
8. Kalagni 2023 ........ 25
9. Non Teaching Staff ........ 26
10. ആർപ്പോ 2023 ........ 27
11. Sports ........ 28
12. എന്റെ കലാലയത്തിന്റെ സ്നേഹസമ്മാനം ........ 29
13. A Soulful Journey ........ 30
14. Her Life. Her Story ........ 32
15. The Lonely Bird ........ 33
16. മഞ്ഞുതുള്ളി ........ 34
17. गुरु - शिष्य का अनमोल रिश्ता ........ 36
18. दौड़ती जिंदगी ........ 37
19. Hind & Seek ........ 38
20. മാതൃത്വം ........ 39
21. The Growth of Indian Pharmaceutical Industry and Challenges Ahead ........ 41
22. पहचानों अपने सपने: ........ 42
23. ക്യാമ്പസ് ലൈഫ് ........ 43
24. മറവി ........ 44
25. Tour ........ 45
26. സർക്കീട്ട് 2K24 ........ 46
27. Graduation 2023 ........ 47
28. Agrasaara 2K24 ........ 48
29. ഗുരു എന്റെ ദീപം ........ 49
30. Maecenas ........ 50
31. Dauntless ........ 51

Page No.

32. SJCP Pharma ........ 52
33. Mental Health & Self - Care ........ 53
34. ജീവിതയാത്ര ........ 55
35. A Journey Through Time in a Cup of Coffee ... 56
36. Something that we lost ........ 57
37. ഗ്രാമത്തിലെ പെൺകുട്ടി ........ 58
38. Drugs Thrill, But Kills ........ 60
39. ഹാച്ചിക്കോ : ഒരു വിശ്വസ്തനായ നായയുടെ കഥ .... 61
40. Depression ........ 62
41. The Departure ........ 63
42. തിരിഞ്ഞുനോട്ടം ........ 64
43. Embracing the Inner Child ........ 66
44. What is it being a women ........ 67
45. The End ........ 68
46. Class Photos ........ 69
47. The Rain Calls to me ........ 73
48. The Twisting Road & Half - Hearted ........ 74
49. Exploring the Migration of Students from Kerala in Pursuit of a Better Life Abroad ........ 75
50. ആ - ശുചി ........ 76
51. Cultivating the Habit of Saving : Fostering Financial Responsibility in Children ........ 77
52. Student Success ........ 78
53. Why did the Pharmacist Take up Different Roles ... 80
54. Sonnet 18 : "Shall I compare thee to a summer's day? ..... 81
55. National Pharmacy Commission : ... A Step Towards a More Robust Pharmacy Secor in Inda ........ 82
56. തോരാമഴ ........ 84
57. സംഗീതം & Health Days ........ 85
58. Bringing Dreams to Pages: Gratitude Beyond Words ........ 86
59. Art Gallery ........ 87



# തായ്‌വേരുകൾ



**Aleena Biju**
5th Semester B.Pharm

പുറമെ പരുക്കൻ ഭാവമാണ് അയാൾക്കെങ്കിലും നോക്കിയാൽ വച്ചിരിക്കുന്ന കണ്ണടയുടെ അടിയിലൂടെ നീർമുത്തുകൾ പൊഴിയുന്നത് കാണാൻ സാധിക്കും. പലരും വന്നുപോകുന്നു, പരിചിതർ എന്തൊക്കെയോ പറഞ്ഞ് തോളിൽതട്ടുന്നുണ്ട്. അവരോടൊക്കെ എന്തുപറയാനാണ് അറിയില്ല. ഇത്രയുംനാളും തനിക്ക് ശക്തിയായി കൂടെയുയായിരുന്ന ആ തണൽ ഇനി ഇല്ല. എല്ലാവർക്കും ഉണ്ടാകില്ലേ അവരുടെ സന്തോഷങ്ങളിൽ പങ്കുകൊള്ളാനും ദുഃഖങ്ങളിൽ ആശ്വാസമാകുവാനും ഒരു തണൽ....

ആ വീട്ടിൽ അങ്ങനെ നിൽക്കുമ്പോൾ ദേവന്റെ മനസ്സിൽ ഓടിയെത്തിയത് നല്ല ഓർമ്മകൾ തന്നെയായിരുന്നു. പട്ടണത്തിലെ തിരക്കുകളിൽ കഴിയുമ്പോഴും ജോലിയുടെ സമ്മർദ്ദങ്ങളിലും ഭാര്യയും കുട്ടിയുമായി ജീവിക്കുമ്പോഴും ദേവന്റെ മനസ്സ് അമ്മതണലിൽ ആയിരുന്നു. ആ തണൽ തനിക്ക് നഷ്ടമായിരിക്കുന്നു. ആ ചിന്ത അയാളെ അസ്വസ്ഥൻ ആക്കുന്നു. ചെറുപ്പത്തിൽ തന്നെ തനിക്ക് നഷ്ടമായതാണ് തന്റെ അച്ഛനെ ഓർമ്മയിൽപോലും ആ കരുതലും സ്നേഹവുമില്ല. ഫോട്ടോയിൽ കണ്ട ഒരുമുഖം. അവിടുന്ന് അങ്ങോട്ട് എല്ലാം അമ്മതന്നെയായിരുന്നു. അച്ഛന്റെ കരുതലും സ്നേഹവും നൽകിയാണ് അമ്മവളർത്തിയത്. കുഞ്ഞ് ദേവൂട്ടനും അവന്റെമാത്രം അമ്മയും, അവരുടെ സംസാരങ്ങളും ബഹളങ്ങളും അവിടെ പ്രതിധ്വനിക്കുന്നതുപോലെ അയാൾക്ക് തോന്നി. തന്റെ ബാല്യവും കൗമാരവും യൗവനവും മനോഹരമാക്കിയത് അമ്മയാണ്...

താൻ കോളേജിൽ ചേരുമ്പോഴും ഏറ്റവും സന്തോഷം അമ്മയ്ക്ക് തന്നെയായിരുന്നു. പിന്നീട് 'ഹരിത'യെ പരിചയപ്പെട്ട് സുഹൃത്തുക്കൾ ആകുമ്പോഴും അതിൽനിന്നും ആ ബന്ധം പ്രണയത്തിലേക്കും വിവാഹത്തിലേക്കും എത്തുമ്പോഴും മുമ്പിൽ തന്നെ അമ്മയുണ്ടായിരുന്നു. എന്റെ ആഗ്രഹങ്ങൾ എനിക്ക് മുന്നേ അമ്മ അറിയും. എങ്കിലും ചില സമയങ്ങളിൽ ഉള്ള അമ്മയുടെ സ്നേഹശാസനകളും, തെറ്റ് തിരുത്തലുകളും ആണ് തന്റെ ജീവിതം മനോഹരമാക്കിയിട്ടുള്ളത്. എല്ലാവരെയും സ്നേഹിക്കാൻ പ്രചോദനം അമ്മയുടെ ജീവിതമായിരുന്നു. ഹരിതയുടെ വീട്ടിൽ കല്യാണത്തിന് വലിയപ്രശ്നങ്ങൾ ഉണ്ടായി അതെല്ലാം മുന്നിൽനിന്ന് സംസാരിച്ചത് അമ്മയാണ്. അമ്മ നഷ്ടപ്പെട്ട അവളെ ചേർത്ത് നിർത്തി സ്നേഹിക്കാൻ അമ്മ മറന്നിരുന്നില്ല. അമ്മയും ഒത്തുള്ള ഓർമ്മകൾ മനസ്സിലേക്ക് വന്നുകൊണ്ടിരുന്നു.

ഒരിക്കൽ താൻ മണ്ണിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അമ്മ അകത്തുനിന്ന് വന്നുപറഞ്ഞു.

'ദേവൂട്ടാ മുറ്റത്തുനിന്ന് കേറിവാ അസുഖം മാറിയിട്ടല്ലേ ഉള്ളൂ'. 'ഇല്ല അമ്മ നമുക്ക് കളിക്കാം എന്നിട്ട് ഈ ചെടി ഇവിടെ നടാലോ ഞാൻ കുഴിയുണ്ടാക്കി'.

'വേണ്ടടാ ഇപ്പൊ വെയിൽ അല്ലേ നമുക്ക് വെയിൽ എല്ലാം മാറിയിട്ട് നടാട്ടോ'...

അന്ന് അമ്മ സ്നേഹത്തോടെ പറയുമ്പോൾ ചെടിനടാം എന്ന് പറഞ്ഞ് ഞാൻ വാശിപിടിച്ചു കരഞ്ഞു. എന്റെ സങ്കടം കണ്ട് അമ്മയും ഞാനും ആ മരത്തെ അവിടെ നട്ടു. അതിന് വെള്ളം ഒഴിച്ചതും ഓരോ ഘട്ടത്തിലും അതിന്റെ വളർച്ചകൾ നോക്കി കണ്ടതും ഞങ്ങൾ ഒരുമിച്ചാണ്. അന്ന് അമ്മ പറഞ്ഞിരുന്നു, 'ദേവൂട്ടാ... ഇത് വളർന്ന് ഒരുവലിയ മരമാകും, നമുക്ക് തണൽ തരും, അമ്മയും ദേവൂട്ടനും കൂടിയല്ലേ ഇതിനെ നോക്കി വളർത്തുന്നത്. അപ്പോൾ എന്റെ മോൻ ഇവിടെ നിൽക്കുമ്പോഴെല്ലാം അമ്മയുടെ സ്നേഹവും കരുതലും നിനക്ക് അനുഭവിക്കാം. 'അന്ന് അമ്മപറഞ്ഞത് എല്ലാം പൂർണ്ണതയിൽ ഉൾക്കൊള്ളാൻ ആ കുഞ്ഞുദേവൂട്ടന് സാധിച്ചിരുന്നില്ല. ഓരോ മരങ്ങളെയും പിടിച്ചുനിർത്തുന്നത് അതിന്റെ വേരുകളാണ്. അതാണ് അതിന്റെ ശക്തി. അതുപോലെ ഈ ലോകത്തിൽ തന്റെ ശക്തി അമ്മയായിരുന്നു. അത് നഷ്ടപ്പെട്ടു. ആ ശക്തി ഇല്ലാതെ തനിക്ക് ജീവിക്കാൻ സാധിക്കുമോ, അറിയില്ല. പക്ഷേ താനും കുറച്ചു പേരുടെ വേരുകൾ ആയി മാറിയിരിക്കുന്നു.

ഓരോന്നും മനസ്സിലേക്ക് തികട്ടിവന്നപ്പോളാണ് ഒരു കരസ്പർശം തോളിൽപതിഞ്ഞത്. ഹരിതയായിരുന്നു. അവളെന്നെ ചേർത്ത് പിടിച്ചു, അല്ലെങ്കിലും ഈ ഒരു സമയം അവൾക്കും വേദന നൽകുന്നതാണല്ലോ.

'ദേവാ നീ വരണില്ലേ അമ്മയുടെ കർമ്മങ്ങൾക്ക് സമയമായി'.

കണ്ണിൽനിന്ന് ഉതിർന്നുവീണ നീർത്തുള്ളികൾ തുടച്ചുനീക്കി അവൾക്ക് പിന്നിലൂടെ നടന്നു. അമ്മയുടെ വെള്ളപുതച്ച ശരീരം ആ വീട്ടിൽനിന്ന് എടുക്കുമ്പോൾ, ചിതയ്ക്ക് തീ കൊളുത്തുമ്പോൾ, പിന്നീട് വീടിനു മുറ്റത്ത് മാറിനിന്ന് എല്ലായിടവും വീക്ഷിക്കുമ്പോഴും അവിടെയെല്ലാം എന്റെ അമ്മ ഉള്ളതുപോലെ തോന്നി. ഒപ്പം അമ്മ ഇനി ഇല്ല എന്ന യാഥാർത്ഥ്യവും. അപ്പോഴാണ് തണലായിമാറിയ ആ മരത്തിൽ നിന്ന് ഒരു 'ഇല' അയാളുടെ ശരീരത്തിലേക്ക് പതിക്കുന്നത്. കൂടെ കാറ്റിൽ ആ മരം ഉലയുമ്പോൾ തലേദിവസം പെയ്ത മഴയുടെ ബാക്കി എന്നപോലെ മഴത്തുള്ളികൾ നിലത്തേക്ക് വീഴുന്നത് കൂട്ടത്തിൽ അയാളുടെ മുഖത്തിലൂടെ അവ തഴുകിപോകുന്നുണ്ടായിരുന്നു. ആ അമ്മയുടെ കരുതൽപോലെ സ്നേഹംപോലെ ഒരു ആശ്വാസംപോലെ. സ്നേഹത്തിന്റെ വേരുകൾ തന്നിൽ പടർത്തിയ 'അമ്മ' തണൽമാഞ്ഞുപോയിരിക്കുന്നു. താനും കുറെ പേരുടെ വേരുകളായിമാറിയിരിക്കുന്നു. അമ്മപഠിപ്പിച്ച പോലെ. ഞാനെന്ന വേരിൽ പടർന്നതാണ് എന്റെ കുടുംബം. അമ്മയിലൂടെ പകർന്നു കിട്ടിയ വേരുകൾ ഇനിയും നിലനിൽക്കും, സ്നേഹത്തിന്റെ വേരുകൾ, 'ആ തായ്‌വേരുകൾ'.....

# SHE

A Mirage - if defined.
Burning sand in real; like water it seems.
And nobody could figure it out,
unless there comes someone
who choose to bear the misery she is!
She is that ecstasy,
the one which yearned by a million unfulfilled dreams.
That wild thought,
The untamed heart, that-
one could die in peace after conquering her soul!
She exists, sometimes like a page of book-
so much written and makes no sense at all..
And sometimes she's a poem-
Single word concised so much in it.
Like a paradox, she exists.
Somewhere between being emotional and emotionless..
She, the One of a kind!!

Krishna Priya E.K
Eighth Semester B Pharm





# എൻ പ്രിയ ചങ്ങാതി




**JISS MARIA SCARIA**
Eighth Semester B.Pharm


ആളൊഴിഞ്ഞ ക്ലാസ്മുറികളിലൂടെ
ഈ വിദ്യാലയത്തിൻ പടികളിലൂടെ
എന്റെ മനസ്സ് ആരെയോ തിരയുന്നു
മഴപെയ്തുതോർന്ന ഈ വരാന്തകൾ
ഇന്നെന്നിൽ ദുഃഖം ഉണർത്തുന്ന
സൗഹൃദത്തിൻ തണലിൽ
അന്നു ഞാൻ ആനന്ദിച്ചിരുന്നു
ആ തണൽ എന്നെ വിട്ടകന്നു
സൂര്യന്റെ ചൂടിൽ വാടിത്തളർന്ന പൂവിനെ പോലെ
ഞാനിതാ ഏകയായി നിൽക്കുന്നു
ഈ ഏകാന്തത എത്രയോ ഭയാനകം
വിരഹത്തിൻ വേദനയിൽ
എരിഞ്ഞുതീരുവാൻ ആണോ എൻവിധി
സൗഹൃദത്തിൽ ആ നീർത്തടം
എന്നിലേക്ക് അണയുകയില്ലേ
എന്നെന്നും ഓർക്കും ഞാനെൻ ആത്മമിത്രത്തെ
ഈ തിരുനാളും അണയുംവരെ
ഒരിക്കൽ എൻ അരികിൽ തിരിച്ചെത്തും
കൊടുംവേനലിൽ അവശയായ ഭൂമിയെതേടി
ജീവാമൃതവുമായി
എത്തുന്ന പുഴപോലെ.....
സൗഹൃദത്തിൻ പുതിയതാളുകൾ കുറിക്കാനായി



# എൻ വിദ്യാലയം



**Aparna P.S**
Eighth semester B.Pharm

സൗഹൃദം എന്ന മധുരിത
ഭാവം ആദ്യമറിഞ്ഞത് ഞാനെൻ
വിദ്യാലയത്തിൽ
ഒരായിരം ഓർമ്മകൾ
സമ്മാനിച്ചൊരു വിദ്യാലയം
സൗഹൃദമെന്നതെല്ലായിടത്തുമെന്നാലും
ഏറ്റവും മധുരമീ
വിദ്യാലയ സൗഹൃദം
ഒരുമയോടെ പഠനം തുടങ്ങും
പിന്നീടുള്ള കൊച്ചുകൊച്ചു
സന്തോഷങ്ങൾ ഏറിടുന്നു
മനതാരിൽ
ആ ഓർമ്മകൾ മറയുന്നൊരിക്കലും മനമാകും
പുസ്തകത്താളുകളിൽ
മറയാതീ ഓർമ്മകൾ ഇനിയെന്നും

# മൗനം



മണ്ണോട് ചേരുംവരെ
അത് എന്നിൽ നിലനിൽക്കും
തൊട്ടുണർത്തുവാൻ മോഹങ്ങൾ
ഓർത്തുവായിക്കുവാൻ കിനാവുകൾ
കാത്തിരിക്കാനും കൂടെയുണ്ട്
എല്ലാവരും പറയും
ഞാൻ ഉണ്ടാവും കൂടെയെന്ന്
ജീവിതം നിന്നെ പഠിപ്പിക്കും
ആരുമുണ്ടാകില്ല
പറഞ്ഞാൽ പരിഭവം ആകും
കരഞ്ഞാൽ തോൽവിയാകും
ചിരിച്ചാൽ പരിഹാസം ആകും
എല്ലാത്തിനും മൗനമാണ്
കാണുന്ന ഈശ്വരന്
കണ്ണടയ്ക്കാൻ ആകുമോ !



**ANJALI C.A**
Eighth Semester B.Pharm

# WILD FLOWER



**Ashly Mariam Varughese**
Eighth Semester B Pharm

Forget me not for my roots deepened into thy heart,
Nurtured by thy love
For I know mirth and merriment because of you!
Like a Phoenix here I rise up from my own ashes..
growing wild and free in a world plagued by conformity.
Nothing didst I fear,
None in the world could hold me back for I was 'wild' and 'brave'
Neither the world nor you did recognize me for I was common,dull and inferior
And that might be because I grew without your consent,
I bloomed and that didn't make you happy as I was not appealing,
I longed for your gentle touch but you didn't even care!
I always looked up at you but you didn't even spare a moment for me
The moment is up and I hear my death knell...
But I'll wait for an another spring to bloom again and be thine!
Till then let me celebrate the people I have lost in my journey!!!!

# ARTIFICIAL INTELLIGENCE



**SURESH M.R.**
Librarian

Since the beginning of the 20th century, scientists all over the world were pondering over the possibility of imitating human intelligence and talents. In 1950, well-known scientist, Alan Turing, in his article published in a scientific magazine, raised an all-important question: " Can machines think?". Can it imitate human talents? At that time, computers were not competent enough in saving the data, other than to execute the programming instructions. Moreover, computing resources were very expensive. All this hindered Turing, to go forward with his experiments. Later in1956, Prof. John McCarthy came forward with a new term, "Artificial Intelligence".

From 1957 to 2010, researches on AI were stagnant, except some limited progress in different parts of the world. Instead of processing human's total capabilities, scientists focused on his vision and speech. Later, with the advancement of technology, wide usage of Internet and development of Graphical Data-Processing Units, a new era on AI research dawned. New technologies helped the AI units to gather data in large quantities and process them in lesser time. This led to the development of Machine Learning Algorithms. This Algorithms exhibited its own capacity to recognize patterns from the given data, and also to generate its own versions.

In the field of Computer-Vision Technology, "Alex Net", developed in 2012, created a big revolution. Researches based on 'Alex Net' made AI more popular. All technologies, which have the capacity to imitate human intelligence, were commonly called "Artificial Intelligence"; AI in short. Under this title, a sub-group called Machine Learning Techniques quietly developed. This technique helped AI to visualize an image from the given data. Machine Learning has another sub-group called "Deep Learning", where data is given in full, instead of separate compartments. Deep Learning technique study the data as a whole and generate the results. This is the most advanced achievement of AI.

In recent years, a new AI sub-group called "Generative AI", is creating waves. It can produce textual contents, pictures, contents with videos and audios and other media subsidiaries. Among them, the most popular is the ChatGPT, where a Generative Pre-trained Transformer (GPT) module, works as per the given data and generates astonishing results.

AI systems are basically software systems (or controllers for robots) that use techniques such as Machine Learning and Deep Learning, to solve problems in particular domains without hard coding all possibilities (i.e. algorithmic steps). Due to this, AI started showing promising solutions for industry and business as well as our daily lives. Governments and businesses are increasing by making use of AI tools and techniques to solve business problems and improve many business processes, especially online ones. Such developments bring about new realities to social life, that may not have been experienced before.

By introducing Artificial Intelligence systems into devices, new businesses are opting for the automated process. A new paradigm emerges as a result of such intelligent automation which now dictates, not only how businesses operate, but also who does the job. AI now brings unheard and unexpected innovations to the business world, that many organizations will need to integrate to remain competitive and move further to lead the competitors.

But AI also has its pitfalls. Generative AI Models, which can artificially create pictures and videos, has now a saying in Fashion, modeling, ads and film industries. It can easily create fake pictures (popularly known as "Deep Fake") and videos, which raises legal and ethical anxieties. Pictures and videos, featuring especially women and children, can be doctored as per the wishes of the producer and can be used as a weapon against the opponent. Loss of privacy, tarnishing one's image, false propaganda and misinformation are some of the prime results of misuse of Generative AI Models.

In the future, intelligent machines will replace or enhance human capabilities in many areas. Artificial Intelligence is becoming so popular, so that it can have a huge impact on various fields of life, to solve complex problems in different areas such a education, engineering, business, medicine, weather forecasting, multimedia etc. Whatever the merits or demerits, AI is here to stay.

# KALAAGNI 2023



# Non Teaching Staffs



# College Union Members



# ആർപ്പോ 2023








## FAREWELL (അപ്പോ ശരി-2023)





# SPORTS






# എന്റെ കലാലയത്തിന്റെ സ്നേഹസമ്മാനം



**AMEESHA BOSE**
Fourth year Pharm D

ഈ കലാലയത്തിൽ കാൽവെച്ച നാളിൽ
ഞാൻ എന്റെ സൗഹൃദത്തിന്റെ വിത്തുപാകി....
ഇനി ഒരിക്കലും ഇളക്കിമാറ്റാൻ കഴിയാത്ത ഒരുതലമുറയെ....
നിന്നിലെ വേരുകൾ ബലമേകുവാൻ ഇവിടെ വാർത്തു
ഇനിയും തളിരിടുന്ന പുതുതലമുറകൾക്ക്
ചിറകുവിരിക്കാൻ ഞാൻ എന്റെ മഴവില്ലിന്റെ
ഏഴുവർണ്ണങ്ങൾ പകുത്തുനൽകി
സ്നേഹത്തിന്റെ സൗഹൃദത്തിന്റെ വിത്തുകൾ....
ഇനിയും ഈ കലാലയത്തിൽ
നമ്മൾക്ക് സമ്മാനിക്കാം
ഇവിടെ തളിരിടുന്ന.....
യുവതലമുറയ്ക്കായി......

# A SOULFUL JOURNEY: FROM RISHIKESH TO KERALA



**Mrs. Lissy S**
**Associate Professor**

**Day 1: Rishikesh - The Gateway to the Divine**

As I stepped into Rishikesh, the air seemed to carry whispers of ancient wisdom. The Ganges, flowing serenely, invited me to cleanse my soul. The ashrams nestled in the foothills of the Himalayas echoed with chants, drawing me into their tranquil embrace. Each dawn brought with it the promise of spiritual awakening, as I immersed myself in yoga and meditation, feeling the rhythm of my breath aligns with the universe.

**Day 2: Lakshman Jhula - Crossing Paths with Mythology**

Lakshman Jhula, a marvel of engineering suspended majestically over the sacred Ganges, stood as a testament to both human ingenuity and divine intervention. As I stepped onto its swaying expanse, I felt a sense of reverence wash over me. The bridge, named after the valiant prince Lakshmana from the epic Ramayana, seemed to bridge not just the physical gap between two banks but also the temporal chasm between myth and reality. Walking across Lakshman Jhula, I was transported into the realm of ancient mythology. Each sway of the bridge felt like a gentle reminder of the trials and tribulations faced by Lord Rama and his loyal brother Lakshmana. The river below murmured tales of their heroic deeds, while the rustling leaves whispered secrets of their unwavering devotion and sacrifice.



**Day 3: Haridwar - A Dip in the Waters of Salvation**

In Haridwar, the bustling ghats hummed with the fervor of devotion. As I bathed in the holy waters of the Ganges during the evening aarti, I felt a profound sense of purification wash



over me. The flames of the aarti illuminated the darkness, symbolizing the triumph of light over ignorance. Amidst the crowd of devotees, I found solace in surrendering to the divine flow of life, understanding that each moment is a sacred offering.



As I reluctantly bid farewell to the sacred city of Haridwar, I carried with me the blessings of Mother Ganga and the memories of a transformative journey. In her sacred waters, I had found not just purification but also renewal, a reaffirmation of the eternal connection between the soul and the universe. And as I journeyed onward, I knew that the lessons learned in Haridwar would continue to guide me, like the steady flow of the Ganges, towards the shores of enlightenment.

**Day 4: The Journey Back to Kerala - Finding Home in the Heart**

As I bid farewell to the northern lands that had nurtured my soul, I carried with me the essence of their teachings. The train journey back to Kerala was not just a physical voyage but a reflective passage through the landscapes of my inner being. Each passing mile brought me closer to the verdant hills and serene backwaters of my homeland. In Kerala's embrace, I found the culmination of my journey—a harmonious fusion of spirituality and simplicity, where every sunrise heralds a new beginning, and every sunset whispers a tale of gratitude.

**Epilogue:**

In the tranquil alleys of Rishikesh, amidst the swirling currents of the Ganges, and beneath the flickering flames of Haridwar's aarti, I discovered that the true pilgrimage is not measured in miles traveled but in the depth of one's connection to the self and the universe. As I sit under the shade of a coconut tree in my Kerala home, the echoes of my northern sojourn continue to reverberate within me, guiding me on the eternal quest for inner peace and enlightenment.





# Her life, her story...



FITHA THASNEEM
Eighth semester B.Pharm

Stuck to the stove, chained to tradition, A victim of prejudice
She was like a caged bird.
Prisoner in her own house.
Slave to her relatives
Liability to mother and father
Shame to her family.
Wronged more than once, Yet never raised her voice.
She sang like a caged bird.
For some love, respect and freedom.
Chained like a caged bird,
to the cruel norms of society back then. But no one saw her misery.
How she yearned for knowledge?
How she wished to learn?
How to read and write?
Just like her brothers.
How could she tolerate this?
Everyone has a limit.
But she was a caged bird stuck to her cage,
for eternity, chained to the bars.
Sighs and dreams, then born was
the fire, of determination to be free,
And so did she, break away from the chains.
She was now a free bird.
She flew away like one from all the misery and screams,
Forever, and towards her joy.



# The Lonely Bird



**SUMMAYA NOUSHAD**
Eighth Semester B.Pharm

In a park whither an elderly man walked
was a bird with a voice so wonderful
Much money would we have spent
just to hear that melodious bird sing
and listen to its voice, with that majestic ring.

But as the seasons passed, so did the bird's voice
and the man stopped going, though not by choice.
For his health was beginning to fade,
and the bird began to wither too,
but he could get no aid.

With no audience for whom to sing,
a sad death was all fate would bring,
So it was that the bird passed away,
of all times that spring in late May.

In the summer, that man did return,
but of the bird's death never did he learn,
so he listened to all of the birds that came,
but somehow it just never felt the same.



# മഞ്ഞുതുള്ളി




**ARCHANA SHAJI**
$V^{th}$ Semester
B.Pharm


ഹോസ്പിറ്റൽ കോറിഡോറിലൂടെ നടക്കുമ്പോൾ എനിക്ക് ചുറ്റും പലതരം ആൾക്കാരായിരുന്നു..... മുന്നിൽ കാണുന്നവരെയെല്ലാം ഓടി വന്ന് ആക്രമിക്കുന്നവർ.... സ്വന്തം മുടി തന്നെ പറിച്ചെടുത്തു കഴിക്കുന്നവർ... ചുറ്റും നടക്കുന്നതൊന്നും ശ്രദ്ധിക്കാതെ അവരുടേതായ ലോകത്ത് നടക്കുന്നവർ.... ലോകം തന്നെ തന്റെ കൈപ്പിടിയിൽ ആണെന്ന് വിചാരിച്ച് സ്വയംരാജാവായി നിൽക്കുന്നവർ.... അസ്സഹനീയമായ വേദനകൊണ്ട് അലറി കരയുന്നവർ... അങ്ങനെ അങ്ങനെ...... എല്ലാവരെയും നോക്കി നടന്ന് അവസാനം ഒരു റൂമിന്റെ വെളിയിൽ എത്തിയപ്പോൾ നേഴ്സ് എന്നെ അകത്തേക്ക് ചൂണ്ടി കാണിച്ചു....

ബെഡിൽ ചമ്രംപടിഞ്ഞിരിക്കുന്നുണ്ട് അവൾ... കുനിഞ്ഞിരുന്ന് വെറുതെ കൈകൊണ്ട് എന്തൊക്കെയോ എഴുതുവാണ്... കാൽമുട്ടോളം വരുന്ന ലൈറ്റ് ബ്ലൂ കളറിലുള്ള ലൂസ് ടോപ് ആണ് അവളുടെ വേഷം.... ഞാൻ വന്നതൊന്നും അറിഞ്ഞിട്ടേയില്ല.... നിമിഷനേരംകൊണ്ട് കുറ്റബോധത്താൽ നെഞ്ച് പിടഞ്ഞു... ഓർമ്മകൾ ഒരുപാട് പുറകിലേക്ക് പോയപ്പോൾ ഒരിക്കലെങ്കിലും അതൊന്ന് തിരുത്തി കുറിക്കാൻ പറ്റിയിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോയി... അവളുടെ മുടിയിൽ മെല്ലെ തലോടി കൊടുത്തപ്പോഴേക്കും കൈ ചുരുട്ടി പിടിച്ച് മനോഹരമായ ഒരു ചിരിയോടെ ഒരുപാട് സ്നേഹത്തോടെ അതെന്റെ നേർക്ക് നീട്ടി.... 'ഇതാ.. മൂന്ന് നേരം ഓരെണ്ണം വെച്ച് കഴിച്ചോ... അസുഖമൊക്കെ പെട്ടെന്ന് മാറും ട്ടോ....' വരുത്തി തീർത്ത ചിരിയോടെ ഞാൻ കൈ നീട്ടുമ്പോൾ കരഞ്ഞുപോയി....

എൻട്രൻസ് എഴുതി ഫസ്റ്റ് അലോട്മെന്റിൽ തന്നെ എം.ബി.ബി.എസ്.ന് സീറ്റ് കിട്ടിയപ്പോൾ ഒരുപാട് ആവേശത്തോടെയാണ് കോളേജിൽ ചേർന്നത്... ക്ലാസ്സ് തുടങ്ങി രണ്ടാഴ്ച കഴിഞ്ഞപ്പോഴായിരുന്നു അവൾ ജോയിൻ ചെയ്തത്.... തല ഉയർത്തി ഒരാളുടെ മുഖത്ത് നോക്കാൻ ധൈര്യമില്ലാത്ത മഞ്ഞുതുള്ളി പോലെ ഒരു പെണ്ണ്.... നിറയെ പീലികളോടുകൂടി വിടർന്ന കണ്ണുകളും ചുവന്ന് തിളങ്ങുന്ന മുഖവും കുഞ്ഞിച്ചുണ്ടും ഒക്കെയായി ഒരു ടിപ്പിക്കൽ സുന്ദരി തന്നെയായിരുന്നു ആൾ... പുതിയ അഡ്മിഷൻ ആണെന്ന് അറിഞ്ഞ് പരിചയപ്പെടാൻ ചെന്നപ്പോഴെല്ലാം ഒരു പുഞ്ചിരിയല്ലാതെ തിരിച്ചൊന്നും പറയാതെ ഇരുന്നുകളഞ്ഞു...

"എന്തൊരു പെണ്ണാ ഇത്..." "സംസാരശേഷി ഇല്ലേ ആവോ..." ഒരിക്കൽ ഞങ്ങളുടെ കൂടെയുള്ള ഒരുത്തൻ ഇഷ്ടംപറഞ്ഞ് ചെന്നതും പേടിയാണെന്ന് പറഞ്ഞ് കരഞ്ഞ് നിലവിളിച്ചു ഓടിക്കളഞ്ഞു പെണ്ണ്... അന്ന് എല്ലാവരും ചേർന്ന് ഒരുപാട് കളിയാക്കി... ഞാനും... പോകെപ്പോകെ ക്ലാസ്സിലെ എല്ലാർക്കും തട്ടിക്കളിക്കാൻ കിട്ടിയ ഒരു പാവയെപോലെയായി അവൾ.... കാരണം... ഒന്നിനോടും പ്രതികരിക്കില്ല... ആരെന്ത് പറഞ്ഞാലും അതെല്ലാം കേട്ടുനിൽക്കും.. ആരോടെങ്കിലും മിണ്ടുന്നതുപോലും കണ്ടിട്ടില്ല.... നോട്ട്ബുക്കിൽ നിന്ന് കണ്ണ് മാറ്റാറില്ല അവൾ.... എത്രയൊക്കെ പഠിക്കാൻ ഉണ്ടെങ്കിലും ഫ്രണ്ട്സും ഒത്ത് കുറച്ചു അടിച്ചു പൊളി നിമിഷങ്ങൾ ഇല്ലാതെ ഞങ്ങൾക്ക് ആർക്കും പറ്റില്ല.... പക്ഷെ അവൾ അതിലൊന്നും ശ്രദ്ധിച്ചിരുന്നില്ല....

'ഇത് ചുമ്മാ ഷോ ആണ്.... വലിയ പഠിപ്പി വന്നിരിക്കുന്നു...'



എല്ലാവർക്കും അവളെപ്പറ്റിയുള്ള കാഴ്ചപ്പാട് ഇതു തന്നെ യായിരുന്നു....

ഭൂമിയെ വേദനിപ്പിക്കാതെയുള്ള അവളുടെ നടത്തവും കളിയാക്കലുകൾ കേട്ട് നിറഞ്ഞൊഴു കുന്ന കണ്ണും.... ശരിക്കും ഒരു കുഞ്ഞു മഞ്ഞുതുള്ളി തന്നെയായിരുന്നു ആ പെണ്ണ്... ഹോസ്റ്റലിലും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു.... കഴിക്കുമ്പോൾ പോലും ആർക്കും ശല്യം ആകാതെ... അങ്ങനെ ഒരാൾപോലും ഉണ്ടെന്ന് അറിയിക്കാതെ ആയിരുന്നു അവളുടെ ഓരോ പ്രവർത്തിയും.... എന്തൊക്കെ പറഞ്ഞാലും എതിർക്കാതെ എല്ലാം കേട്ട് നിൽക്കുന്ന വളെ വീണ്ടും വീണ്ടും കുത്തിവേദനിപ്പിക്കുന്നത് എല്ലാവർക്കും ഒരുഹരം ആയി മാറിയിരുന്നു അപ്പോ ഴേക്കും.... അന്ന് അങ്ങനെ ഒരാവേശത്തിൽ ചെയ്ത താണ്.... പക്ഷെ അതൊരിക്കലും അവളുടെയും ഞങ്ങളുടെയും ജീവിതം തന്നെ തകർക്കുമെന്ന് വിചാരിച്ചില്ല..... സാറും മിസ്സും ഒന്നും അറിയാതെ അനാട്ടമി ലാബിൽനിന്ന് ക്ലാസ്സിലെ ബോയ്സ് എങ്ങനെയൊക്കെയോ ഒരു ഡെഡ്ബോഡിയുടെ ഒരു കൈ എടുത്തുകൊണ്ട് വന്ന് ഞങ്ങടെ കൈയിൽ തന്നു....

ഉദ്ദേശം എന്നത്തേയുംപോലെ അവളെ ഒന്ന് പേടിപ്പിച്ച് വിടണം... ഹോസ്റ്റലിൽ വെച്ച് പണി കൊടു ക്കാമെന്ന് വിചാരിച്ചു... റൂമിൽനിന്ന് പുറത്തിറങ്ങാ റില്ലായിരുന്നു അവൾ... കഴിക്കാൻ പോകുന്ന സമയം നോക്കി ഞങ്ങളിൽ ഒരാൾ അവളുടെ റൂമിൽകേറി ടേബിളിൽ വെച്ചിരുന്ന ബുക്കിനിടയിൽകൊണ്ടു പോയി ആ കൈ എടുത്തുവെച്ചു.... കാണുമ്പോൾ ഒന്ന് പേടിച്ച് ഞെട്ടും... അതുകണ്ട് കളിയാക്കാം.... കഴിച്ചിട്ട് വന്ന് റൂമിലേക്ക് കേറിയതും ഡോർ അട ക്കുന്നതും എല്ലാം മാറി നിന്ന് നോക്കിക്കണ്ടു... ഇപ്പോ ഒരലർച്ച കേൾക്കും... ഞങ്ങൾ എല്ലാം കാതോർ ത്തിരുന്നിട്ടും അകത്ത് നിന്ന് യാതൊരു ശബ്ദവും കേട്ടില്ല.... സാധനം കണ്ട് കാണില്ലയോ....

കുറേനേരം കഴിഞ്ഞിട്ടും അനക്കം കേൾക്കാതെ വന്നപ്പോ ഞങ്ങൾ രണ്ടും കൽപ്പിച്ച് റൂം തുറന്നു.... ആദ്യം തന്നെ ടേബിളിലേക്ക് ആണ് നോട്ടം പോയത്... അവിടെയെങ്ങും ഞങ്ങൾകൊണ്ടു വെച്ച കൈ കാണുന്നില്ലായിരുന്നു... അവളെയും കാണു ന്നില്ല.... ഒറ്റനോട്ടത്തിൽ റൂം മൊത്തമായോന്ന് നോക്കി... പിന്നീടാണ് കബോർഡിന് മുകളിലേക്ക് നോട്ടം പോയത്... അവിടെ കണ്ട കാഴ്ച്ചയിൽ വിറങ്ങ ലിച്ചു നിൽക്കാനേ ഞങ്ങൾക്ക് ആയുള്ളൂ.... കബോർ ഡിന് മുകളിൽ കേറി ഇരുന്ന് ഞങ്ങൾ കൊണ്ടുവച്ച ആ കൈ കടിച്ച് പറിച്ച് വിഴുങ്ങുന്നവൾ.... മുഖം മുഴു വൻ അതിന്റെ അഴുക്കുപുരണ്ട വായ്ക്ക് ചുറ്റും കറുത്ത കറ പിടിച്ച്..... കണ്ണ് മിഴിപ്പിച്ച്.... ഏതോ ഒരു ബിന്ദുവിലേക്ക് നോട്ടം പതിപ്പിച്ച്.... ആ മഞ്ഞു തുള്ളി.....

'മോളെ......' തൊട്ടടുത്ത് നിന്ന് തേങ്ങിക്കൊണ്ടുള്ള വിളികേട്ടതും ഓർമകളിൽ നിന്നും ഞെട്ടി ഉണർന്നു.... അവളുടെ അമ്മയാണ്.... ഒരു ഹാർട്ട് പേഷ്യന്റ്.... ആരുമായും കൂട്ടുകൂടാത്ത ആ പാവം പെണ്ണിന് കൂട്ടാ യിട്ട് ഈ അമ്മ മാത്രേ ഉണ്ടായിരുന്നുള്ളൂ.... എന്നും ഈ ഭ്രാന്താശുപത്രിയിലേക്ക് വരും.... തന്റെ പൊന്നു മകളെ കാണാൻ.... ആ അമ്മക്ക് കൂട്ടായിട്ട് ഞങ്ങളും.... ചെയ്തുപോയ തെറ്റിനെ ഓർത്ത് കുറ്റബോധം കൊണ്ട് ഒന്നും ചെയ്യാനാവാതെ നിൽക്കേണ്ടി വരുന്ന അവസ്ഥ.... അവളുടെ അമ്മയുടെ കണ്ണുനീരിന് ഉത്തരവാദി ഞങ്ങൾ ആണെന്ന് ഓർക്കുമ്പോൾ തന്നെ നെഞ്ചുപൊടിയുന്ന വേദനയാണ്. കാലിൽ വീണ് മാപ്പ് പറഞ്ഞു.... ഒരുപാട് തവണ..... പക്ഷെ ആരെണ്ണെന്നുപോലും മനസിലാകാതെ ഞങ്ങളെ നോക്കി മനോഹരമായി പുഞ്ചിരിച്ചു അവൾ.... ചെയ്ത തെറ്റിന്റെ ആഴം മനസിലാക്കി തരുന്നതുപോലെ... അവളൊന്ന് പഴയതുപോലെ ആയിരുന്നെങ്കിൽ.... പണ്ട് ചെയ്ത് കൂട്ടിയതിനെല്ലാം പ്രായശ്ചിത്തമായി ആയിരം ക്ഷമ ചോദിക്കാമായിരുന്നു.... അവളുടെ സ്വപ്നത്തിന് കൂടെ നിൽക്കാമായിരുന്നു...

'പഠിക്കാൻ മിടുക്കി ആയിരുന്നു ന്റെ കുട്ടി.... വലിയ ഡോക്ടർ ആകണമെന്നാ എന്റെ മോളുടെ ആഗ്രഹം... എന്നോട് എപ്പോഴും പറയും എനിക്ക് ജോലിയായി കഴിഞ്ഞാൽ അമ്മയെ പൊന്നുപോലെ നോക്കുന്ന്.... ന്റെ അസുഖം എല്ലാം മാറ്റുന്ന്.... എന്നിട്ട്... ന്നിട്ട്... ഇരി കണ്ണെ കണ്ടില്ലേ.... ന്റെ കുട്ടി...' അമ്മ എന്നത്തേയും പോലെ അവളോട് പറഞ്ഞു കൊണ്ടിരുന്നു....

പുറത്ത് ആർത്തലച്ചു പെയ്യുന്ന മഴയോടൊപ്പം അലറി കരഞ്ഞുകൊണ്ട് ആ അമ്മ തന്റെ മകളെ വാരിപ്പുണർന്നു.... അപ്പോഴും തന്റെ രോഗിക്കായി കരുതിവെച്ച മരുന്ന് തന്റെ വലംകൈയിൽ ഇറുക്കി പിടിച്ചിരുന്നു ആ മഞ്ഞുതുള്ളി....



# गुरु - शिष्य का अनमोल रिश्ता



**MEERA R. NATH**
Associate Professor
Department of Pharmacology

गुरु और शिष्य का नाता, स्नेह का अनुपम धारा,
ज्ञान के सागर में, करते हैं मार्गदर्शन सारा।

शिक्षक जो दीपक बन, अंधकार को मिटाता है,
विद्या का आलोक फैलाकर, जीवन को संवरता है।

प्रश्नों के उत्तर में, धैर्य का पाठ सिखाते है,
सपनों को पंख देकर, आकाश तक पहुंचाते है।

शिष्य जो श्रद्धा से, गुरुचरणों में आता है
मेहनत और लगन से, सफलता का फल पाता है।

गुरु की कृपा से, हर बाधा हो जाती पार,
संस्कार और ज्ञान से, होता जीवन साकार।

शिश्रक और छात्र का, यह प्रेम अद्वितीय है,
दोनों का साथ मिलकर, जीवन बनता सुखमय है।

सम्मान और आदर से, रिश्ता यह निभाते हैं,
गुरु-शिष्य के संग से, नई राहें बनाते हैं।



# दौड़ती जिंदगी




**Gayatri R. Panicker**
Assistant Professor
Department of Pharmacology


बड़ी अजीब ये जीवन की देड़ है,
हर कोई भागता, पर ठहरता कौन है?

सुबह से शाम तक काम का पहाड़ है,
सुकून की तलाश में, हर कोई बेहाल है।

मिलती नहीं फुर्सत, न आराम का पल,
ख्वाबों में खोई है, उम्मीद की हलचल।

ज़िदगी के इस शोर में, खो जाती हर राह है।
बस इसी तरह खत्म भी हो जाती, जिंदगी को हर रागा है।

आँखों खोल के हम देखें
तो नज़र आए

कहीं दो वक्त की रोटी के लिए रोतो लोग भी हैं।
लेकिन हम तो अपनी छोटी-छोटी शिकायतों में खोए हैं।

दोस्तों, हर पल है रोशन ये ना भूले,
शायद कल को ये पल भी हमें नसीब ना हो,
और तब है हम अधूरे।

# Hide & Seek



**JAYEEMA J.R**
IInd year
Pharm. D

They are playing hide and seek
Under the table and over the cabinet
Hide and seek many used to play
They doesn't know that they are going to play
A different kind of hide and seek

Hide and seek, they used to play
Now they are nurtured and places changed
They are hiding behind their skin
And seeking for something they will never found out

Hide and seek, as they hide behind their skin
They staying quiet but someone is talking
Talking things that the player doesn't want to say
The things that can change their good days to bad

Hide and seek, as they seeking for something
That the player doesn't want to seek
Player getting nowhere because
It is not the one asking for direction

Hide and seek, as the world is a mystery
A mystery for people to seek the truth
A mystery for people to trust there instinct
While becoming something unique

As I hide behind the Banyan tree
The kid is near me who is seeking
I stayed quiet as he gone
I got worried when I saw the sun going down
Worried that, what if no one will ever find me out?



# മാതൃത്വം



SURESH M.R
LIBRARIAN

അന്നൊരു വ്യാഴാഴ്ചയായിരുന്നു. ഉച്ചകഴിഞ്ഞതുകൊണ്ട്, ബാങ്കിൽ അധികം തിരക്കില്ല. ക്യാബിനുള്ളിലെ എസിയിൽ ഇരിക്കുമ്പോൾ, കണ്ണുകൾക്ക് ഘനം വയ്ക്കുന്നതുപോലെ തോന്നി. ഈ ബ്രാഞ്ചിൽ ചാർജ് എടുത്തിട്ട് ഏകദേശം മൂന്നു മാസങ്ങളെ ആയിട്ടുള്ളൂ. കസ്റ്റമേഴ്സിനെ പരിചയപ്പെട്ടു വരുന്നതേയുള്ളൂ. ഓരോരുത്തരും ഓരോ തരക്കാരാണല്ലോ, ഓരോരുത്തരുടെ സ്വഭാവം അനുസരിച്ച് ഇടപെടുന്നതിൽ ആണ്, ഒരു മാനേജറുടെ വിജയം. പെട്ടെന്ന് എന്റെ ക്യാബിനിലേക്ക് 65 വയസ്സോളം പ്രായമുള്ള ഒരു സ്ത്രീ കയറിവന്നു. കുലീനയായ വേഷം. അവരെ ഇടയ്ക്ക് ഞാൻ ബാങ്കിൽ കണ്ടിട്ടുണ്ട്. വന്നപാടെ അവർ എന്നെ തൊഴുതു. ഞാൻ ഇരിക്കാൻ പറഞ്ഞു. കാര്യം അറിയാൻ ഞാൻ അവരുടെ മുഖത്തേക്ക് നോക്കിയപ്പോൾ, അവർ ഒരു ബാങ്ക് പാസ്ബുക്ക് എന്റെ മുന്നിലേക്ക് നീക്കിവെച്ചുകൊണ്ട് പറഞ്ഞു. 'സാർ എന്റെ മകൻ വെളിയിലാണ് പോയിട്ട് മൂന്നാലുവർഷമായി. അവന്റെ അച്ഛൻ ഞങ്ങളെ ഇട്ടേച്ചു പോയപ്പോൾ, അവന് ആറുവയസ്സായിരുന്നു. ഞാൻ പിന്നെ വളരെ കഷ്ടപ്പെട്ട് കൂലിപ്പണിയും ചെയ്തു വീടുകളിൽ പാത്രം കഴുകിയുമാണ് അവനെ വളർത്തിയതും പഠിപ്പിച്ചതും ഐ.ടി.ഐ.വരെ എത്തിച്ചതും. ഇവിടെ എന്തെങ്കിലും ജോലി നോക്കിയാൽ മതി എന്ന് പറഞ്ഞിട്ടും കേൾക്കാതെ, അവന്റെ സ്വന്തം നിർബന്ധത്തിൽ ആണ് ദുബായിക്ക് പോയത്. അതിന്റെ കടം ഇതുവരെ തീർന്നിട്ടില്ല. പക്ഷേ കുറ്റം പറയരുത് അവൻ കൃത്യമായി മാസംതോറും പൈസ അയക്കാറുണ്ട്... വിളിക്കാറുമുണ്ട്. പക്ഷേ കഴിഞ്ഞ കുറെ മാസങ്ങളായി അവന്റെ കാശുമില്ല വിളിയുമില്ല. സാർ, ഈ പാസ്ബുക്ക് നോക്കി പൈസ വന്നിട്ടുണ്ടോ എന്ന് പറയാമോ? അവന്റെ വിവരം അറിയാഞ്ഞിട്ട് ഭയങ്കര വിഷമമാണ്, സാർ.

ഞാൻ പാസ്ബുക്ക് എടുത്ത് മറിച്ചുനോക്കി, കഴിഞ്ഞ അഞ്ചുമാസം മുമ്പ്വരെ, പൈസകൃത്യമായി എത്തിയിട്ടുണ്ട്. അതിനുശേഷം പൈസ വന്നിട്ടില്ലെന്ന് കമ്പ്യൂട്ടറിൽ അവരുടെ അക്കൗണ്ട് പരിശോധിച്ചപ്പോൾ മനസ്സിലായി. 'മോൻ എന്തിനാ ജോലി ചെയ്യുന്നതെന്ന് അമ്മച്ചിക്ക് അറിയാമോ'?

'കൃത്യമായി അറിയില്ല സാർ, ഏതോ കമ്പനിയിൽ ആണെന്ന് അവൻ ഒരിക്കൽ പറഞ്ഞതായി ഓർക്കുന്നു. എനിക്കില്ലാത്ത അസുഖങ്ങൾ ഒന്നുമില്ല സാറേ, പൈസകിട്ടിയാലേ മരുന്നുപോലും വാങ്ങാൻ കഴിയൂ. അവന്റെ കൂട്ടുകാരനെകൊണ്ട് വിളിപ്പിച്ചു നോക്കി. ഫോൺ ഓഫാക്കി ഇരിക്കുക എന്നാ പറഞ്ഞത്. സാർ എന്തെങ്കിലും രീതിയിൽ ഒന്ന് അന്വേഷിച്ചാൽ വളരെ ഉപകാരമായിരുന്നു. എന്റെ മോന്റെ കാര്യം ഓർക്കുമ്പോൾ, ചങ്ക് പൊടിയുവാ സാറേ, അവർ കണ്ണീരൊപ്പി.

മരുഭൂമിയിൽ കഴിയുന്ന അവരുടെ മകനെപറ്റി ഞാൻ എങ്ങനെ അന്വേഷിക്കാനാണ്? പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽപോലും പ്രയോജനം ഇല്ലാത്ത കാലമാണ്. പക്ഷേ ഈ കാര്യം ഒന്നും അവരോടുപറഞ്ഞിട്ട് കാര്യമില്ല.

'അമ്മച്ചി ചെല്ല് ഞാൻ കഴിയുംവിധം അന്വേഷിക്കാം. വിവരം എന്തെങ്കിലും അറിഞ്ഞാൽ അറിയിക്കാം'.... ഞാൻ അവരെ എന്നാലാവുംവിധം ആശ്വസിപ്പിച്ചു. അവർ പാസ്ബുക്ക് എടുത്ത് കണ്ണുതുടച്ചുകൊണ്ട് ക്യാബിനിൽ നിന്നും പതുക്കെ ഇറങ്ങി.



പിന്നീട് അവർ ഇടയ്ക്കിടയ്ക്ക് വന്ന് മകന്റെ വിവരം അന്വേഷിച്ചുകൊണ്ടിരുന്നു. ഒരു മാസം കഴിഞ്ഞപ്പോൾ, എനിക്ക് മുംബൈയിലുള്ള ഹെഡ് ഓഫീസിലേക്ക് ഒരാഴ്ചത്തേക്ക് പോകേണ്ടി വന്നു. തിരികെ വന്നതും, ഇയർ എൻഡിങ്ങിന്റെ തിരക്കിൽ, ഈ വിഷയം പാടെമറന്നു.

അങ്ങനെ ദിവസങ്ങൾ കടന്നുപോയി. മിക്കവാറും ദിവസങ്ങളിൽ ജോലി തിരക്ക് കാരണം ബാങ്കിൽ നിന്നും ഇറങ്ങുമ്പോൾ ഏകദേശം രാത്രി 7 മണിയാകും. ആ സമയത്ത് ഞാനും സെക്യൂരിറ്റിയും മാത്രമേ ഉണ്ടാവൂ. ബാക്കി ജോലിക്കാരെല്ലാം സ്ഥലം വിട്ടിട്ടുണ്ടാവും.

അങ്ങനെ ഒരുദിവസം... ബാങ്ക് പൂട്ടി ഇറങ്ങാൻ തുടങ്ങുമ്പോൾ ക്യാബിനിന്റെ വാതിലിൽ ഒരുമുട്ട് കേട്ടു. ഞാൻ തലയുയർത്തി നോക്കി. ആ സ്ത്രീ നിൽക്കുന്നു. അവർ പതുക്കെ എന്റെ മുമ്പിൽ വന്നിരുന്നു. മുഖം പ്രസന്നമാണ് അവർ മുഖവുര കൂടാതെ പറഞ്ഞുതുടങ്ങി, 'സാറേ മോൻ വിളിച്ചിരുന്നു അവൻ സുഖമില്ലാതെ ആശുപത്രിയിലായിരുന്നു. ജോലിക്ക് പോകാത്തതുകൊണ്ട് പൈസ അയക്കാൻ പറ്റിയില്ലെന്നു പറഞ്ഞു. അടുത്തയാഴ്ച കുറച്ചു പൈസ അയക്കാം എന്നുപറഞ്ഞിട്ടുണ്ട്. പൈസ അയച്ചില്ലെങ്കിലും വേണ്ടില്ല സാറേ എന്റെ മോന്റെ ശബ്ദം കേട്ടല്ലോ, എനിക്ക് അതുമതി. അവർ മുഖം സെറ്റിന്റെ തലപ്പുകൊണ്ട് തുടച്ചുകൊണ്ട് പറഞ്ഞു. കേട്ടപ്പോൾ എനിക്ക് ആശ്വാസംതോന്നി.... അവർ ചോദിച്ച സഹായത്തിന് ഒന്നും ചെയ്യാൻ പറ്റാത്തതിൽ നേരിയ കുറ്റബോധവും.

ആ ആഴ്ചത്തെ അവധി ദിവസമായിരുന്നു സന്ധ്യയ്ക്ക് വെറുതെ നടക്കാൻ ഇറങ്ങി. തനി ഗ്രാമമായ ഈ പ്രദേശത്ത് കാണാൻ ഒന്നുമില്ലെങ്കിലും, പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചിരുന്നു. ഞാൻ വാടകയ്ക്ക് താമസിക്കുന്ന വീട്ടിൽ നിന്നിറങ്ങിയാൽ പഞ്ചായത്ത് റോഡിലെത്താം. ഏകദേശം ഒരുകിലോമീറ്റർ പാടത്തിന്റെ കരയിലൂടെ നടന്നാൽ കവലയിൽ എത്തും. വെറുതെ കവലവരെ നടന്നുവരാം എന്ന് കരുതി, പതുക്കെ നടന്നു. റോഡിലൂടെ, കവലയിൽ നിന്നും മടങ്ങുന്ന ആ ഗ്രാമവാസികൾ എന്നെ കടന്നുപോകുന്നുണ്ടായിരുന്നു. ചിലർ എന്നെ നോക്കി പുഞ്ചിരിച്ചതായി തോന്നി. വഴിയരികിലെ പഞ്ചായത്ത് കിണറ്റിന്റെ അരികിൽ എത്തിയപ്പോൾ ഞാൻ നിന്നു.

'എന്റെ വീട് ആ പഞ്ചായത്ത് കിണറിന്റെ അടുത്തുള്ള ഇടവഴിയുടെ അറ്റത്താണ് സാർ ഒരിക്കൽ വീട്ടിൽ വരണം. ആ സ്ത്രീ ഒരിക്കൽ എന്നോട് പറഞ്ഞത് ഓർക്കുന്നു. ഒന്നുപോയാലോ? ചെന്നെന്നുമാവും എന്റെ നിഷ്ക്രിയത്വത്തിന് ഒരു പ്രായശ്ചിത്തം ആവും.

കിണറിന്റെ അടുത്തുള്ള ഇടവഴിയിലൂടെ ഇറങ്ങി നടന്നു. തീരെ വീതികുറഞ്ഞ വഴിയാണ്. ഒരു അഞ്ചുമിനിറ്റ് നടന്നപ്പോൾ വരിയുടെ അറ്റത്തുള്ള ഒരു ഓടിട്ട വീടിനു മുന്നിലെത്തി. വെളിയിൽ ആരെയും കണ്ടില്ല. ഒരു ജനൽപാളി, വിജാഗിരിയിൽ നിന്നുംവിട്ട്, തൂങ്ങി നിൽക്കുന്നു. മുറ്റത്താകെ പുല്ല് കയറിയിട്ടുണ്ട്. ആൾ താമസമുള്ള ലക്ഷണമില്ല ഇതുതന്നെയാണോ അവരുടെ വീട്? സംശയത്തോടെ പടികടന്ന് മുറ്റത്തെത്തി. മുൻവാതിൽ അടച്ചിട്ടിരിക്കുകയാണ് ഞാൻ പതുക്കെ വാതിലിൽ മുട്ടിവിളിച്ചു.. 'അമ്മച്ചി...! ചേച്ചി..!' എന്നൊക്കെ ഒന്നും രണ്ടുംപ്രാവശ്യം ഉറക്കെ വിളിച്ചു നോക്കി. അങ്ങനെ പതുങ്ങി നിൽക്കുമ്പോൾ എന്റെ ശബ്ദം കേട്ടിട്ടാവണം ഒരാൾ പടിക്കൽ വന്ന് എത്തിനോക്കി.

'അല്ലേ, ഇത് ബാങ്കിലെ സാറല്ലേ? സാർ എന്താ ഇവിടെ?'

എന്തു മറുപടി പറയണം എന്ന് ഒന്ന് ശങ്കിച്ചു. 'അല്ല... ബാങ്കിൽ വരാറുള്ള ഒരു അമ്മച്ചി ഇവിടെയാ താമസിക്കുന്നത് എന്ന് പറഞ്ഞിരുന്നു ഒന്നു കാണാനായിരുന്നു.

അയാൾ കുറച്ചുനേരം എന്നെ തുറിച്ചു നോക്കി നിന്നു. 'അയ്യോ, സാർ അറിഞ്ഞില്ലായിരുന്നോ? അവർ ഒരുമാസം മുമ്പ് മരിച്ചുപോയി. ഗൾഫിൽ പോയ മകന്റെ വിവരം ഒന്നും അറിയാതെ വിഷമിച്ചാ മരിച്ചത്. പോയവൻ ഇപ്പോൾ എവിടെയാണോ ജീവനോടെ ഉണ്ടോ എന്നൊന്നും ഒരു വിവരവുമില്ല'.... അയാൾ പറഞ്ഞു നിർത്തി.

എന്റെ നട്ടെല്ലിലൂടെ ഒരു തണുപ്പ് അരിച്ചു കയറുന്നതുപോലെ തോന്നി. അപ്പോൾ രണ്ടുദിവസം മുമ്പ് ബാങ്കിൽവെച്ച് ഞാൻ കണ്ടുസംസാരിച്ചത് ആരോടായിരുന്നു? അന്ന് കണ്ട ആ പ്രസന്നമായ മുഖത്ത് ഒരു കരിനിഴൽ പരക്കുന്നതും ഞെട്ടലോടെ ഓർത്തു. വിയർത്തു കുളിച്ചു അവിടെ നിന്ന് പടിയിറങ്ങുമ്പോൾ പുറകിൽ നിന്നും ആ മനുഷ്യൻ എന്തോ പറഞ്ഞത് ചെവിയിലെത്തിയില്ല.

# The Growth of INDIAN PHARMACEUTICAL INDUSTRY AND CHALLENGES AHEAD



**Dr. VINOD B.**
Professor & AMP
HOD,Department of
Pharmaceutical Chemistry

The Indian pharmaceutical industry by virtue of expertise in drug manufacturing has provided India its nick name The Pharma Basket of the world. The Indian pharmaceutical (pharma) industry has an annual revenue of US$38 billion - globally it's the third largest in the world by volume and 11 th by value. It comprises over 3,000 Pharma companies and 10,500 manufacturing facilities. This sector directly provides employment to more than 3 million people. It also produces drugs at around a third of the US costs and half of the European costs. Moreover, Indian pharma companies supply around 20 per cent of the worlds' generics and 62 per cent of its vaccines.

The very beginning of first Indian pharmaceutical manufacturing started with the opening of The Bengal Chemicals and Pharmaceuticals in Kolkatta in 1901.The pioneer of this endeavor was Acharya Prafulla Chandra Ray and the initial capital was just Rs 700. Initially Bengal chemicals and pharmaceuticals manufacturing operations were limited to the production of herbal extracts as well as inorganic formulations. Later the unit started to make formulations based on synthetic medicines. Establishment of Bengal Chemicals and Pharmaceuticals was soon followed by opening of Alembic pharmaceuticals in Mumbai in 1907. Even though these first Indian pharmaceutical companies started and established themselves quickly, the hostile approach of the British rulers made the pharmaceutical production sector to remain largely stagnated. British companies through their trade partners based in India, continued to import medicines manufactured in their factories abroad. After independence, the central government tried to change the above scenario by starting two industries in the public sector, the Hindustan antibiotics ltd and Indian Drugs and Pharmaceuticals ltd. Some private entities like Cipla pharmaceuticals, Cadila laboratories and FDC too emerged.

The Indian pharmaceutical industry sector was largely dominated by foreign companies before 1970. The Indian patent act 1970 and the drug policy 1978 paved the way for the rapid growth of Indian pharmaceutical companies. The beginning of 1980's saw the change from India being an importer to a leading exporter of medicines. The economic liberalization policies of 1991 further propelled Indian pharmaceutical industry on to the global stage by removing license restrictions. The major Indian players in this front are Cipla ltd, Zydus Cadila, Torrent pharma, Wochkart ltd, Dr Reddy's laboratories, Sun pharma, Glenmark pharmaceuticals, etc. Organisations like Biocon, Bharath Biotech etc too have tasted success in integrating



biotechnology into pharmaceutical product development.

A significant development happened in the late 90's was the emergence of India as the hub for drug discovery activities as global pharmaceutical and biotechnology giants started, out sourcing their research activities for cost effectiveness. This has led to the development of several industries that specializes mainly in contract research operations. The service offerings, expanded beyond chemistry into biology and pharmacology, and a number of deals gradually evolved into IP-generating collaborations with Indian inventors. The majors in this arena are Advinus therapeutics, Anthem biosciences, GVK biosciences, Aurigene discovery technology services, Carrrexios technologies etc.

Despite what may considered as an explosive growth in the the past couple of decades, the Indian Pharma sector is not free from drawbacks as its growth was more quantitative, and less qualitative. Only one molecule Saroglitazar, launched by Zydus Cadila in 2013, remains the only drug discovered and developed exclusively in India. The Indian Pharma sector is experiencing stiff competition from nations like China, South Africa, Ireland and Brazil in the matter of cost effectiveness. Also this sector has not been very keen in utilizing the vast expertise available in

Indian pharmaceutical education field as very limited industry-institutional interactive exists in this front. It can be hoped that the Indian Pharma industry with due self introspection may over come these roadblocks and emerge victorius in all fronts.

# पहचानों अपने सपने:

*क्या है यह सपने?*
*सपने जो ज़िदंगी को खुशियों से भरते*



**Ashtami M.R.**
8th Semester B.Pharm

या वो जो उसे आज़ादी से सजाते सपने जो जीवन को बदल के रखते या वो जो आज़ादी से उल्ट-पुल्ट करते होते है सब के खुद के अस्मान युद की इच्छाएँ, खुद की आकाक्षाऐं. जो करने है सब को पूरा। बनना चाहता है सभी चिकित्सक, प्रोफसर पर होती है सबकी मज़बूरियों सबकी अलग अलग कहतियाँ क्या होता है अगर सच्चे होते ये सपने? यह दुनिया हमारी बन जाती सबसे खुशहाल ते रंग या रंग विरंगी, खाते भी खाना सतरंगी तो क्यों न मिलकर देश बनाएँ सब आए और सपने सजाएँ।

# ക്യാമ്പസ് Life



**Albin T.**
Assistant Profesosr
Department of Pharamaceutics

സർ.... ടൂറിന്റെ തീയതി ഓക്കെ ആയിട്ടുണ്ട്. ഇതും പറഞ്ഞു അവർ പുറത്തേക്ക് ഇറങ്ങിയപ്പോൾ കുറച്ചു നേരത്തേക്ക് പഴയ കോളേജ് കാലഘട്ടം ഓർമയിലേക്ക് വന്നു... അന്നിതേപോലെ ഞങ്ങൾ ടീച്ചേഴ്സിനോട് ടൂറിന്റെ കാര്യങ്ങളെപറ്റി സംസാരിച്ചതൊക്കെ എന്തെന്നില്ലാത്ത സന്തോഷം ആയിരുന്നു അന്ന് മനസു നിറയെ.... സീനിയേഴ്സ് ടൂർ പോകുന്നത് കണ്ടുകൊതിച്ചിരുന്ന അവസരങ്ങളിൽ ഞങ്ങളുടെ ഉള്ളിൽ എപ്പോഴും അവസാനവർഷത്തെ ടൂർ ഒരു സ്വപ്നം തന്നെയായിരുന്നു.

ഒരു വിദ്യാർത്ഥി എന്നുള്ള അവസ്ഥയിൽ നിന്നും അധ്യാപകനായി മാറുമ്പോൾ ടൂറിന്റെ ആസ്വാദനം കുറയുമോ എന്നുള്ള പേടി അപ്പോഴും മനസ്സിൽ ഉണ്ടായിരിന്നു. എന്നാൽ അവരിൽ ഒരാളായി തന്നെ നിന്നുകൊണ്ട് എല്ലാം അതിന്റെ പരമോന്നതിയിൽ ആഘോഷിക്കാൻ സാധിച്ചത് ഉള്ളിൽ എവിടെയോ സീനിയേഴ്സിന്റെ റാഗിംഗിനു മുന്നിൽ പകച്ചു നിന്നിരുന്ന ഒന്നാംവർഷ വിദ്യാർത്ഥിയിൽനിന്നും, എല്ലാം ആഘോഷിക്കാൻ പഠിച്ച ഒരു മനസ്സ് നേടിയെടുത്ത സീനിയർ വിദ്യാർത്ഥിയായി മാറിയത് കൊണ്ടാകണം. ക്ലാസ്സിലെ കാര്യം ക്ലാസ്സിൽ... പുറത്തു എല്ലാവരും സുഹൃത്തുക്കളെപോലെ... (ഇങ്ങോട്ട് എങ്ങനാണോ അതെപോലെ അങ്ങോട്ടും??) എന്നുപറയാനാണ് എനിക്കിഷ്ടം. എത്രയൊക്കെ പറഞ്ഞാലും തിരിച്ചുകിട്ടാനാവാത്ത കുറേ നിമിഷങ്ങൾ, അത് കൺമുന്നിൽകുടി കടന്നുപോകുന്നത് കണ്ടത് കൊണ്ടാകാം ചിലരുടെ കണ്ണുകൾ നനയുന്നത് എന്റെ ശ്രദ്ധയിൽപെട്ടു. അവരുടെ സങ്കടം കണ്ടിട്ടാകണം ഉള്ളിൽ എവിടെയോ ഒരു ബുദ്ധിമുട്ട് നേരിട്ടതുപോലെ. അതിന്റെ ഫലം എന്നവണ്ണം എന്റെ കണ്ണും എപ്പോഴൊക്കെയോ നിറഞ്ഞിരുന്നു. ഇനിയില്ലല്ലോ എന്നോർത്തിരുന്ന ആ (വസന്ത) കാലം അധ്യാപകൻ എന്ന നിലയിൽ എന്റെ കുട്ടികളോടൊപ്പം കിട്ടി എന്നുള്ളത് അത്രമേൽ സന്തോഷം തരുന്നതു തന്നെയായിരുന്നു..

വിദ്യാർത്ഥിയിൽ നിന്നും അധ്യാപകനിലേക്കുള്ള യാത്രയിൽ മറന്നുവച്ച എന്തോ തിരിച്ചെടുക്കാൻ എനിക്ക് സാധിച്ചു. പഠിപ്പിച്ച അധ്യാപകർക്കൊപ്പം പഠിച്ച കോളേജിൽതന്നെ ജോലി ചെയ്യാൻ സാധിക്കുക എന്നത് എത്രമാത്രം ഭാഗ്യം ചെയ്തത് കൊണ്ടാകാം എന്ന് ഇടക്കിടക്ക് ഓർക്കാറുണ്ടായിരുന്നു... ഓരോതവണയും കോളേജിന്റെ കുറവുകളെപറ്റി സംസാരിക്കുന്ന കുട്ടികളെ കാണുമ്പോൾ ഞാൻ മനസ്സിൽ ഓർക്കും 'അവർക്കറിയില്ലല്ലോ അവർക്ക് ലഭിക്കുന്ന ഈ സന്തോഷങ്ങൾ പല കലാലയങ്ങളിലും പടിക്കുപുറത്താണെന്ന്. എല്ലാം ആലോചിക്കാൻ എപ്പോഴും സമയം കിട്ടാറില്ലെങ്കിലും.... വല്ലപ്പോഴും ആലോചിക്കുമ്പോൾ എല്ലാം മനസിലേക്ക് വരാറുണ്ടായിരുന്നു.... സുഹൃത്തുക്കൾ, ക്യാമ്പസ്, ചായ കുടിക്കാനായി മാത്രം സഞ്ചരിച്ചിരുന്ന വൈകുന്നേരങ്ങൾ.. 4 മണിയായി.. പോകുന്നില്ലേ? സ്റ്റാഫ്റും അടക്കാൻ ചേച്ചി വന്നു... പകുതി വച്ച് ചിന്തകളെ താഴിട്ടു അടച്ചു ഞാൻ ഇറങ്ങി... ബാക്കി നാളെ രാവിലെ താഴ് തുറക്കുമ്പോ ആകാമല്ലോ...

ബൈക്കെടുത്തു പുറത്തേക്ക് ഇറങ്ങാൻ നേരം. 'സർ നാളെ തന്നെ അസൈൻമെന്റ് വെക്കണോ?..'

'നാളെ നീ എഴുതാതെ വന്നാൽ ക്ലാസ്സിൽ കയറേണ്ട..'

ഇതും പറഞ്ഞു കോളേജിന്റെ പുറത്തേക്കുപോയ എന്റെ ഉള്ളിൽ ചെറിയൊരു ചിരി മാത്രമായിരുന്നു.... പണ്ടെപ്പോഴോ അസൈൻമെന്റ് വെക്കാത്തതിന് വയറു നിറച്ചു കിട്ടിയത് ഉളുപ്പില്ലാതെ വാങ്ങിയ ആരോ ഒരാളുടെ ചിരിയായിരുന്നു അത്.... പെട്ടെന്നു പുറകിൽനിന്ന് ഒരാൾ വിളിച്ചു... "സെന്റ് ജോസഫ്സിലെ ആൽബിൻ സർ അല്ലേ.?...."

ഞാൻ പറഞ്ഞു "അതേല്ലോ.... നിങ്ങൾ ആരാണ് ? "മനസിലായില്ലല്ലോ?" ഞാൻ ചോദിച്ചു....

കെമിസ്റ്റ്സ് കോളേജിലെ 16-20 ബാച്ചിൽ ഉണ്ടായിരുന്ന "അൽബിൻ റ്റി തോട്ടങ്കര" പിന്നീടു ഒരു ചിരി ആയിരുന്നു രണ്ടുപേരും...

വിദ്യാർത്ഥിയിൽ നിന്നും അധ്യാപകൻ ആകുമ്പോൾ മാറുന്നതല്ലല്ലോ യഥാർത്ഥ "ക്യാമ്പസ് ലൈഫ്".



# മറവി

എന്റെ ബാല്യത്തിൽ മറന്നുവെച്ച വെള്ളാരംകല്ലുകളും മയിൽപ്പീലിതുണ്ടും എന്നും ഞാൻ തരാറുണ്ട്, എന്റെ ഓർമ്മകളുടെ തറവാട്ടിൻ മച്ചിൻപുറങ്ങളിൽ കാലം യൗവനത്തിന് കൈമാറിയപ്പോൾ ആരൊക്കെയോ എന്നെയും മറന്നുവച്ചു, വിധിയുടെ ചില്ലുകൂടാരത്തിൽ

വാർദ്ധക്യത്തിൻ നിഴൽപരപ്പിൽ എൻസഖിയായി, നൊമ്പരങ്ങൾ മായിക്കുവാൻ കാരണക്കാരനെ നീ. ഇനിയുള്ള ബാക്കിപത്രത്തിൽ എന്റെ അവസാന ദിനങ്ങളിൽ എന്നെയും കാലം മറവിക്ക് വിട്ടുകൊടുക്കും ഏതോസ്മശാനത്തിന്റെ പുക മറയിൽ



**AMEESHA BOSE**
Fourth year Pharm D

# TOUR
















# സർക്കീട്ട് 2K24












# GRADUATION 2023




































# AGRASAARA 2K24



# ഗുരു എന്റെ ദീപം



ജീവിതം എന്തെന്നറിയില്ല
ചുറ്റും പരിഹാസവും അപകർഷതാബോധവും
എന്തിനു ജീവിക്കണം, എങ്ങനെ ജീവിക്കണം
എന്നറിയാതെ ഒരു പുഴുവിനെപ്പോലെ പിടഞ്ഞിടുമ്പോൾ
പെട്ടെന്ന് എൻ കണ്ണിൽ അടിച്ചു ഒരു സൂര്യപ്രകാശം
എന്റെ ഉള്ളിന്റെ ഉള്ളിലെ മുറിവേറ്റ സ്വപ്നങ്ങളെ
തുന്നിതയ്ക്കാനായി ചെറുപുഞ്ചിരിയേകി പ്രതീക്ഷയുടെ ദീപംതെളിച്ച്
എൻമാർഗ്ഗമായി എൻശക്തിയായി
പ്രതിസന്ധികളെ തരണം ചെയ്യാൻ എന്നെ പഠിപ്പിച്ച എൻസദ്ഗുരുവേ
ഇന്നെൻ മുഖത്ത് വിടരുന്ന ഈ ചെറുപുഞ്ചിരി ഒരായിരം
നന്ദിയോടെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു എൻ സദ്ഗുരുവേ!



**AROMA S**
Third Year Pharm D



# MAECENAS

You were with me in my hardships
You thought me the hardest situation of life
You lifted me in such difficult stages
You even cried for me instead
You were the one. I shared my feelings
Your wings protected me from evil eyes
You saved me from the earthly pleasures
Just wanna hold your hand
And walk along the seashore
Just wanna look your sun kissed face
Don't know how to admire you
Don't have anything to give you
Just have my endless love for you...
I don't wanna lose a friend like you..



**NIMMI THANKAM BIJU**
Eighth semester B Pharm

Blog:

Poem talks about the post, present and future thoughts of the poet regarding her friend. Poet describes the friend as an alien from outer space,might be a gift from God, who changed the poet's life into a spring, which gave a new life with a new soul.

Etymology for Maecenas

Latin, from Gaius Maecenas +9 b.c Romon statesman Bpatron of literature.

# Dauntless





**Bella M Antony**
Eighth semester B.Pharm

Imagine you've got only one day left down the first thought that comes to your mind when you read this question. And do it. No matter how crazy it is, do it. Don't be afraid. Don't hesitate. But you will, won't you? That's what we do. We hesitate. Think it over a few times and then forget about it. We fear everything. FEAR. It's just a four-lettered word. But every time I say it, it sends a chill down my spine. Because fear is what makes us lose trust in others and ourselves. Fear is what makes countries wage war against each other. Fear is the ultimate enemy. But fear is all in your head. Fear is imagined.

So technically, we are our own enemy. And only we can save ourselves from fear. Fearless. that word helps me regain my courage. Fear isn't always about ghosts and low grades. Deep inside, we fear our flaws. That's what makes us hesitate. Hesitation stops us from doing what we want to do. Life is a one-way road, you can never go back. So make the most of the time that you've got. Live your life. Living isn't talking, walking, eating and carrying out other processes. It's taking risks and conquering fears. Its doing something that crosses the expectations everyone has of you. That's how you live life (extra emphasis on live). Live life dauntlessly.

Now if you want to be dauntless, first accept yourself. Because what makes you different is what makes you special and your flaws are what makes you unique. Without your existence, the world cannot go around. Without your flaws, you wouldn't be you. Perfection isn't life. Reality is far from perfect. But making the best out of the imperfections you have is what makes you dauntless. So if you're stuck between two roads, and you can't decide which one to take, think about the first question and make your decision. Don't hesitate. Don't think, just do. Live life. Be you. Be dauntless.

The End !!!

# SJCP PHARMA FM 2.3

## Introducing "SJCP Pharma FM  2.3": A Radio Show for Pharmacy Students at St Joseph College of pharmacy



**MARIYA MEENU**
THIRD SEMESTER B.PHARM

Welcome to the latest edition of the SRISHTI College magazine! This month, we're thrilled to spotlight one of the most exciting initiatives on our campus: the weekly radio show "SJCP PHARMA FM 2.3." This innovative program is designed specifically for pharmacy students, offering a blend of informative interviews, motivational segments, and engaging content to help you navigate your academic journey with ease and enthusiasm.

### What is "SJCP Pharma FM  2.3?

SJCP Pharma FM  2.3 is a dynamic radio show created by and for pharmacy students at St Joseph College. It airs every week, providing a platform for students to gain insights from their professors, hear from successful alumni, and get to know their peers. The show is not only a source of information but also a community builder, fostering a supportive environment for all pharmacy students.

### Content That Inspires and Educates

The radio show covers a wide array of topics tailored to meet the needs and interests of pharmacy students:

Interviews with Professors: Get to know your instructors beyond the classroom. Each week, a different professor shares their journey in the field of pharmacy, offering valuable advice on how to excel in your studies and career.

Student Spotlights: Discover the stories of your fellow students who are making a difference. These segments highlight the achievements of standout students and provide a platform for them to share their tips for success.

Motivational Segments: Pharmacy school can be demanding, and "SJCP PharmaFM 2.3" is here to help you stay motivated. Listen to inspiring stories, practical advice, and encouragement that will help you stay focused and reduce stress.

Study Tips and Resources: Learn about the best study practices, useful resources, and strategies to enhance your learning experience. Whether it's advice on time management, exam preparation, or balancing school and personal life, the show has you covered.

### Building a Supportive Community

One of the core missions of "SJCP PHARMA FM 2.3" is to create a sense of community among pharmacy students. By featuring a variety of voices and perspectives, the show aims to break down barriers and foster a collaborative spirit. Whether you're a first-year student just starting out or a senior preparing for your future career, there's something for everyone.

### How to Tune In

SJCP PHARMA FM 2.3 is broadcasted every week and is easily accessible from your phone and classroom. Make sure to follow the college's official channels for updates on airing times and special episodes. You can also catch up on past episodes through our online archive, ensuring you never miss out on valuable content.

### Join the Conversation

We encourage all students to participate in the show. Whether you have a question for a professor, a success story to share, or simply want to provide feedback, your voice matters. Reach out through our social media channels or contact us directly to get involved.

### In Conclusion

SJCP Pharma FM 2.3 is more than just a radio show; it's a lifeline for pharmacy students at our College. By offering a mix of educational content, personal stories, and motivational support, the show is dedicated to helping you succeed and enjoy your time at college. Tune in, stay connected, and be inspired!

Stay tuned for more exciting updates and episodes from "SJCP PharmaFM 2.3." Here's to a stress-free and successful academic journey!



# MENTAL HEALTH AND SELF - CARE

Mental health includes our emotional, psychological, and social well-being. It affects how we think, feel, and act. It also helps determine how we handle stress, relate to others, and make healthy choices. Mental health is important at every stage of life, from childhood and adolescence through adulthood.

Mental health is more than the absence of a mental illness—it's essential to your overall health and quality of life. Self-care can play a role in maintaining your mental health and help support your treatment and recovery if you have a mental illness.

Self-care means taking the time to do things that help you live well and improve both your physical health and mental health. This can help you manage stress, lower your risk of illness, and increase your energy. Even small acts of self-care in your daily life can have a big impact.

**Here are some self-care tips:**

- **Get regular exercise.** Just 30 minutes of walking every day can boost your mood and improve your health. Small amounts of exercise add up, so don't be discouraged if you can't do 30 minutes at one time.
- **Eat healthy, regular meals and stay hydrated.** A balanced diet and plenty of water can improve your energy and focus throughout the day. Pay attention to your intake of caffeine and alcohol and how they affect your mood and well-being for some, decreasing caffeine and alcohol consumption can be helpful.
- **Make sleep a priority.** Stick to a schedule, and make sure you're getting enough sleep. Blue light from devices and screens can make it harder to fall asleep, so reduce blue light exposure from your phone or computer before bedtime.
- **Try a relaxing activity.** Explore relaxation or wellness programs or apps, which may incorpo rate meditation, muscle relaxation, or breathing exercises. Schedule regular times for these and other healthy activities you enjoy, such as listening to music, reading, spending time in nature, and engaging in low-stress hobbies.
- **Set goals and priorities.** Decide what must get done now and what can wait. Learn to say "no" to new tasks if you start to feel like you're taking on too much. Try to appreciate what you have accomplished at the end of the day.
- **Practice gratitude.** Remind yourself daily of things you are grateful for. Be specific. Write them down or replay them in your mind.
- **Focus on positivity.** Identify and challenge your negative and unhelpful thoughts.
- **Stay connected.** Reach out to friends or family members who can provide emotional support and practical help. Self-care looks different for everyone, and it is important to find what you need and enjoy. It may take trial and error to discover what works best for you.



Ms.AJITHA K CHERIAN
ASSISTANT PROFESSOR
DEPARTMENT OF PHARMACEUTICS

## The Four Golden Rules of Self Care

- **Self-care is a lifestyle**

When we think about what self-care means, we often equate self-care with self- indulgence. Some think that self-care means engaging in rare and often costly activities, such as, going to the spa for the day, taking a vacation, or treating ourselves to a coveted clothing item. While it is completely fine for your self-care routine to include activities such as these, a good self-care practice is not limited to doing one-time or occasional nice things for yourself that involve you spending money. When practiced properly, self-care becomes a lifestyle orientation in which you prioritize and protect your mental wellness in all aspects of your life. Self-care should inform the way you treat yourself, the way you interact with others, and the way you respond to the chaotic world around you on a daily basis. Self-care means "taking care of yourself" but of course doing so in a mentally healthy way that does not violate the rights of others.

- **Self-care is not static**

The world is ever-changing. Your friendships and relationships with others will continuously grow and evolve and sometimes dissolve. Your needs and desires as an individual will change as you transition through different phases of your life and encounter new experiences. Because life is not static and is in constant motion, it is crucial that your self-care practice is also not static and is ever-evolving to fit your needs. You might find that the self-care habits that are currently critical for you no longer serve your best and highest interest 5 years from now. That is ok and that is normal. Self-care should not be thought of as a hard and rigid list of dos and don'ts that you abide by from now until the end of your life. Instead, self-care should be thought of as a collection of fluid principles and practices that stretch and bend and grow across your lifespan. You should regularly evaluate these principles and practices, add new ones if need be, and readily discard or revise those that no longer serve your best interest.

- **Self-care sometimes involves elimination**

Often when we think about what self-care means, we automatically think that it means adding things to our lives that will increase our mental wellness such as, starting to do yoga several times a week or making an effort to get more sleep. While self-care certainly can involve introducing new habits into your life, it also must involve eliminating emotionally toxic people, practices, and things from your life. When creating your own self-care lifestyle, it's critical that you also think about what people, places, things, and habits you need to eliminate to protect your mental wellness.

- **Don't compare your self-care**

Your self-care practice should be as individual and as unique as you are, so if you are comparing how your self-care routine matches up to others, just, stop it. What is right and good for someone else's mental wellness may not be right and good for you. Identify what your needs are and craft a self-care practice that is reflective of you.



# ജീവിതയാത്ര



**KARTHIKA B**
Eighth semester B.pharm

ലോകം നമുക്ക് ചെറുനാടകവേദി മാത്രം
പാകത്തിൽ നാം അഭിനയിക്കുകയെന്നു മാത്രം
ചാകും ക്ഷണംവരെ തുടർന്നിടുമീ കഥയ്ക്കുൾ
ശോകാദിമോദമായമെന്നുമറിഞ്ഞുകൊൾക
ആതങ്കവാരിധിലാണ്ടു തളർന്നിടുമ്പോൾ
ജീവേശ്വരൻ ചെറിയ നൗകയിലേറിയെത്തും
ദുഃഖം സഹിച്ചു പലനന്മകൾ ചെയ്തുവെന്നാൽ
സൗഖ്യം തരുന്ന ശുഭജീവിതകാലമെത്തും
വാളാണ് വാക്കതുവരുത്തുമനർത്ഥമെല്ലാം
നീളേ നമുക്ക് ബഹുദോഷമതായി ഭവിക്കും
ആനന്ദമാർന്ന മൃദു വാക്കുകളേതിയെന്നാൽ
ഏവം വിപത്തുകൾ മനുഷ്യനു വന്നുചേരാ
ലക്ഷ്യത്തിലെത്തുവതിനാഗ്രഹമെന്നതല്ലാ –
തക്ഷുദ്രമാം ശ്രമമതാണു പ്രധാനമോർക്കിൽ
അക്ഷയലക്ഷ്യമതിനൊത്തു പരിശ്രമിച്ചാൽ
ദക്ഷസ്ഥനായ്വരുമയാളതു നിശ്ചയം താൻ

# A Journey Through Time in a Cup of Coffee :



Gauri Anil
II Year Pharm D

## *A Review of Before the Coffee Gets Cold*

Readers are taken to a modest, charming café in Tokyo in Toshikazu Kawaguchi's novel Before the Coffee Gets Cold, where time travel is permitted but subject to tight regulations. The story takes place in this magical café where customers can travel back in time—but only if they sit in a particular chair, stay seated, and return before their coffee becomes cold.

Four protagonists, each setting off on a moving journey into the past, are the subjects of the narrative. Frequent customer Fumiko is trying to get back together with her lover, who abruptly ended their relationship. Kohtake is looking for their last talk because his wife is suffering from Alzheimer's and losing her memory. Yasue seeks to make peace with her distant sister, while Kei—the manager of the café's sister—investigates acceptance and intricate familial ties.

The gentle and expressive language of Kawaguchi transports readers to the little café and the inner lives of its characters through vividly rendered settings. Every voyage is an emotional investigation of love, sorrow, and the value of being in the moment. The book's power is in its capacity to arouse a variety of feelings in readers, leaving them feeling heartfelt and reflective.

Though the tale has a miraculous concept, it highlights how irreversible the past is. The characters discover that although they cannot change the past, they may find new meaning and closure, which will ultimately improve the quality of their current lives. Before the Coffee Gets Cold is a moving and unforgettable book because of its unique blend of magical realism and intense emotional resonance.

Even while the pacing may seem slow to some, especially when the time travel laws are revealed, the characters' deeply rendered emotions more than make up for it. The book reminds us all of the subtle beauty found in even the most basic of interactions, and it encourages readers to treasure their loved ones and the short moments they share.

To sum up, Before the Coffee Gets Cold is a gentle and captivating tale that, via the singular prism of time travel, catches the essence of human connections. Kawaguchi's novel is a valuable addition to any book collection because of his exquisite writing and meticulous examination of universal topics.

# SOMETHING THAT WE LOST

In the shivering night of December
The time passes like Short thunder
All are begging for more time
But time can't do any crime
One is running to stop the crime
But time can be stopped by none
If nine more people run for it
Time lost is never got back.....!
Use the time very wisely
Keep your life very safely.
The most dangerous thing in the world
That can even stop by light hold.
"Time is an enemy for
Those who waste,
But a friend for, .
Those who wait"



**Nandana G**
Second Year Pharm D

# ഗ്രാമത്തിലെ പെൺകുട്ടി



ബസ്സിറങ്ങി ചെമ്മൺപാതയിലൂടെ കൃഷ്ണ ധൃതിയിൽ നടന്നു. നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. കുന്നിൻ മുകളിലെ അമ്പലത്തിൽ നിന്നും ദീപാരാധനയുടെ മണിമുഴക്കം കേൾക്കുന്നു. വയലിലെ പണി മതിയാക്കി പണിക്കാർ കരയിലേയ്ക്ക് കയറിത്തുടങ്ങി. അന്തരീക്ഷമാകെ തങ്ങിനിന്നിരുന്ന ചെളി മണം അവൾക്ക് അസഹ്യമായി തോന്നി. നിരത്തിലൂടെ നടക്കുമ്പോൾ അവൾ ഓരോന്ന് ആലോചിച്ചുകൊണ്ടിരുന്നു. തന്റെ നാട് ഒരിക്കലും പുരോഗമിക്കില്ല. ഗ്രാമത്തിലേക്ക് ആകെയുള്ളത് ഒന്നോ രണ്ടോ ബസ്സുകളാണ്. അവ നിരങ്ങിയെത്തുമ്പോഴേക്കും നേരം സന്ധ്യയാകും. പിന്നെ ചെമ്മൺ പാതയിലൂടെ ഇരുപത് മിനിറ്റോളം നടന്ന് വേണം വീട്ടിലെത്താൻ. എങ്ങാനും ഒരു മഴ പെയ്താൽ പിന്നെ പറയുകയും വേണ്ട, റോഡാകെ ചെളിയാകും.



**Dr. Kavitha Vasudevan**
Professor & HOD Dept Of Pharmacognosy

വഴിയിൽ പല പരിചിതമുഖങ്ങളും അവളെ കടന്ന് പോയി. അവരൊക്കെ ഓരോരോ വിശേഷങ്ങൾ അവളോട് തിരക്കി കൊണ്ടിരുന്നു. മറുപടി ഒരു ചിരിയിലൊതുക്കി അവൾ വേഗം നടന്നു. അമ്മ പതിവുപോലെ ആധിപിടിച്ച് പടിപ്പുര വാതിൽക്കൽ കാത്തു നിൽക്കുന്നു. കൂടെ കുണിഞ്ഞി പൂച്ചയും. നിലവിളക്കിനു മുമ്പിൽ നാമജപത്തോടെ മുത്തശ്ശിയിരിക്കുന്നു. "നീ എന്താ ഇത്ര വൈകിയത്?" അകത്തേക്ക് കടന്നപ്പോൾ അച്ഛന്റെ ചോദ്യം. മറുപടിയൊന്നും പറയാതെ അവൾ മുറിയിലേക്ക് പോയി.

"വേഗം കുളിച്ച് വരു, കാപ്പിയെടുക്കാം" അമ്മ പറഞ്ഞു. കാപ്പി കുടിക്കുമ്പോഴും, രാത്രി കഞ്ഞിയും പയറും ചുട്ട പപ്പടവും കൂട്ടി അത്താഴം കഴിക്കുമ്പോഴും അമ്മ ഓരോ വിശേഷങ്ങൾ പറഞ്ഞു കൊണ്ടിരുന്നു. അവൾക്കെന്തോ ഒന്നിനും ഒരു താത്പര്യം തോന്നിയില്ല. കുണിഞ്ഞി പൂച്ച പതിവുപോലെ അമ്മയുടെ കാലടി പിന്തുടർന്ന് നടക്കുന്നു. നിന്റെ അമ്മയ്ക്ക് രണ്ടു പെൺമക്കൾ ആണെന്ന് അച്ഛൻ എന്നും തമാശരൂപത്തിൽ പറഞ്ഞിരുന്നു. അമ്മയ്ക്ക് തന്നേക്കാൾ കാര്യം കുണിഞ്ഞിയോട് ആണെന്ന് അവൾക്കും ചിലപ്പോൾ തോന്നിയിരുന്നു.

രാത്രി കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ നഗര ജീവിതത്തിലെ കാഴ്ചകളായിരുന്നു അവളുടെ മനസ്സിൽ. അവളുടെ സ്വപ്നങ്ങളിൽ ബഹുനില ഫ്ളാറ്റുകളും പഞ്ചനക്ഷത്ര ഹോട്ടലുകളും ചീറിപായുന്ന മോട്ടോർ വാഹനങ്ങളും മാറി മാറി കടന്നുവന്നു. അച്ഛന്റെ ഒരു പഴയ സുഹൃത്ത് കൊണ്ടുവന്ന ബിസിനസ്സുകാരന്റെ വിവാഹാലോചന അവളുടെ ശാഠ്യത്തിനു വഴങ്ങി അച്ഛന് സമ്മതിക്കേണ്ടി വന്നു. ബിസിനസ്സുകാരന്റെ ജീവിതശൈലിയുമായി തന്റെ മകൾക്ക് പൊരുത്തപ്പെടാൻ ആകുമോ എന്ന ഭയമായിരുന്നു അച്ഛനു, അവളാകട്ടെ ഫ്ളാറ്റിലെ ജീവിതവും കാറും മറ്റു സുഖസൗകര്യങ്ങളും സ്വപ്നം കാണുകയായിരുന്നു.

വിവാഹം കഴിഞ്ഞ് ഭർത്താവിനോടൊപ്പം യാത്രപറഞ്ഞിറങ്ങുമ്പോൾ അപ്പുവിനായിരുന്നു ഏറെ വിഷമം. "കൃഷ്ണേച്ചിയെ കൊണ്ടുപോകല്ലേ" അവൻ കരഞ്ഞുകൊണ്ടിരുന്നു. അയലത്തെ വീട്ടിലെ അപ്പു അവൾക്കെന്നും പ്രിയപ്പെട്ടവൻ ആയിരുന്നു. അവന്റെ കൊഞ്ചലും കുസൃതികളും അവൾക്ക് എന്നും ഇഷ്ടമായിരുന്നു. ടൗണിലെ ബഹുനിലമാളികയിൽ താമസമാക്കിയപ്പോൾ അവൾക്ക് സ്വർഗ്ഗം കിട്ടിയ സന്തോഷമായിരുന്നു. എല്ലാവിധ ആഡംബരത്തോടും കൂടിയ ഒരു വലിയ വീട് അവളുടെ എക്കാലത്തെയും സ്വപ്നമായിരുന്നു. അവിടെ തന്റേത് ആയ ഒരു ലോകം സൃഷ്ടിക്കാൻ അവൾ ആവത് അതിന് ശ്രമിച്ചു.

പ്രസാദേട്ടന് എന്നും തിരക്കുതന്നെ. രാവിലെ നേരത്തേ ഓഫീസിലേയ്ക്ക്, രാത്രി വളരെ വൈകിയാണ് തിരിച്ചെത്തുക. രണ്ടുപേരും രാവില ജോലിയ്ക്കായി വീട് വിട്ടിറങ്ങുന്നതിനോട് തീരെ താത്പര്യം പോര. "നമുക്ക് കഴിയാനുള്ളത് ഞാൻ സമ്പാദിക്കുന്നുണ്ടല്ലോ" അദ്ദേഹം പറഞ്ഞു. കോൺഫറൻസും പാർട്ടിയും കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ ഭർത്താവ്, ഭാര്യയുടെ പെരുമാറ്റ ദൂഷ്യത്തെക്കുറിച്ച് പരാതിപ്പെട്ടു. തന്റെ നിലക്കും വിലക്കും ചേർന്ന വിധം പെരുമാറാൻ അദ്ദേഹം അവളെ താക്കീത് ചെയ്തു.

അവൾക്ക് ആകെ മടുത്ത് തുടങ്ങി. ദിനങ്ങൾ ഏറെ വിരസങ്ങളായി. വീടിന്റെ ചുവരുകൾക്കിടയിൽ കിടന്ന് ശ്വാസം മുട്ടുന്നതായി അവൾക്ക് തോന്നി. ഇടയ്ക്കിടയ്ക്ക് വീട്ടിൽ നിന്നുള്ള അമ്മയുടെ ഫോൺവിളികൾ മാത്രമായി അവൾക്കൊരാശ്വാസം. അച്ഛന്റെ ആരോഗ്യ പ്രശ്നങ്ങളും, അപ്പുവിന്റെ അന്വേഷണങ്ങളും കുഞ്ഞി പ്രസവിച്ചതും എല്ലാം അമ്മ വിവരിച്ചു കൊണ്ടിരുന്നു.

അടുത്ത ഫ്ളാറ്റിലെ കുട്ടി വരാന്തയിലൂടെ നടക്കുന്നത് കണ്ട് അവൾ വേഗം വാതിൽ തുറന്നു. കുഞ്ഞിനെ അകത്തേക്ക് വിളിക്കണമെന്ന് അവൾ വിചാരിച്ചു. പാവയോട് എന്തോ പുലമ്പിക്കൊണ്ട് കുഞ്ഞ് പുഞ്ചിരിച്ചെങ്കിലും, വാതിൽ തുറന്ന് പുറത്തേയ്ക്ക് വന്ന അവളുടെ അമ്മ യാതൊരു പരിചയം കാണിക്കാതെ കുഞ്ഞിനെ തിരികെ വിളിച്ചു. തെരുവിലേയ്ക്കുള്ള ജനാലയുടെ അഴികളിൽ മുഖമമർത്തി അവൾ പലതും ഓർത്തു. നഗരത്തിൽ സൂര്യൻ ഉദിക്കുകയോ അസ്തമിക്കുകയോ ഇല്ലെന്ന് അവൾക്ക് മനസ്സിലായി. ഇവിടുത്തെ കാറ്റിനുണ്ട് ഓടയുടെ ദുർഗന്ധം മാത്രമേ ഉള്ളൂ എന്ന് അവൾ അറിഞ്ഞു.

നാട്ടിൽ പോയി അച്ഛനെയും അമ്മയേയും മുത്തശ്ശിയേയും കാണാൻ അവൾ അതിയായി ആഗ്രഹിച്ചു. ഒരാഴ്ചത്തെ ടൂറിനായി അബുദാബിക്ക് പോകാൻ ഭർത്താവ് തയ്യാറെടുത്തപ്പോൾ തനിക്ക് നാട്ടിൽ പോകാമല്ലോ എന്ന സന്തോഷമായിരുന്നു അവൾക്ക്. ബസ്സിറങ്ങി വീട്ടിലേക്ക് നടക്കുമ്പോൾ ദീപാരാധന തൊഴാൻ ആളുകൾ അമ്പലത്തിലേക്ക് പൊയ്ക്കൊണ്ടിരുന്നു. പലരും അവളോട് വിശേഷങ്ങൾ തിരക്കി. ഇത്തവണ അവൾ എല്ലാവരോടും സംസാരിച്ചു. വയലിന്റെ പച്ചപ്പ് ആസ്വദിച്ച് നടക്കുമ്പോൾ പച്ച മണ്ണിന്റെ മണം നഗരത്തിലെ ഓടയുടെ ദുർഗന്ധത്തേക്കാൾ എത്രയോ ഭേദമാണെന്ന് അവൾക്ക് തോന്നി. പെട്ടെന്ന് അപ്പുവിന് താനൊന്നും വാങ്ങിയില്ലല്ലോ എന്ന് അവൾ ഓർത്തു. നാട്ടിലേയ്ക്ക് തിരിക്കാനുള്ള ധൃതിയിൽ അവൾ എല്ലാം മറന്നിരുന്നു.

അന്നും അമ്മ പടിപ്പുരയിൽ അവളേയും കാത്ത് നിന്നിരുന്നു. കുഞ്ഞിയെ കൂടെ കണ്ടില്ല. അച്ഛൻ പതിവുപോലെ ന്യൂസ് അവർ കാണാൻ ടെലിവിഷനുമുമ്പിൽ സ്ഥാനം പിടിച്ചിരുന്നു. അത്താഴത്തിനു പതിവുള്ള പപ്പടത്തിനൊപ്പം മീൻ വറുത്തതും ചമ്മന്തിയും അമ്മ വിളമ്പി. അമ്മയുടെ വർത്തമാനം കേട്ട് അത്താഴം കഴിക്കുമ്പോൾ കുഞ്ഞി തന്റെ രണ്ടു മക്കളുമായി മേശ അടിയിൽ സ്ഥാനം പിടിച്ചിരുന്നു. പുറത്ത് അന്ന് നല്ല നിലാവുണ്ടായിരുന്നു. മുറ്റത്ത് കുടമുല്ല നിറയെ പൂത്തുനിൽക്കുന്നത് അവൾ കണ്ടു. അവളെ തഴുകി ഒഴുകിയ ഇളംകാറ്റിന് ആ പൂക്കളുടെ സുഗന്ധമായിരുന്നു. നിലാവിൽ കുളിച്ച് നിന്ന ആ രാത്രി അവൾക്ക് ഏറെ ഹൃദ്യമായി തോന്നി. ഗ്രാമത്തിന്റെ നന്മയും വിശുദ്ധിയും തന്നിലിപ്പോഴും അവശേഷിക്കുന്നു എന്ന് അവൾ അറിഞ്ഞു.

ഒരാഴ്ച വേഗം കടന്ന് പോയി. ടൂർ കഴിഞ്ഞ് ഭർത്താവ് നാട്ടിൽ തിരിച്ചെത്തി. രണ്ടു ദിവസം കൂടി കഴിഞ്ഞിട്ട് തിരികെപോകാമെന്ന് അവൾ ഭർത്താവിനോട് പറഞ്ഞുനോക്കി. ഓഫീസിലെ തന്റെ തിരക്കുകളെപ്പറ്റി അദ്ദേഹം അവളെ ഓർമ്മിപ്പിച്ചു. പിറ്റേ ദിവസം കാലത്ത് യാത്രയാകുമ്പോൾ അന്ന് ആദ്യമായി അവളുടെ കണ്ണുകൾ ഈറനണിഞ്ഞു. കാറിൽ ഭർത്താവുമൊത്ത് യാത്ര ചെയ്യുമ്പോൾ മൺമറഞ്ഞ ദൃശ്യങ്ങൾ തിരികെ വരില്ലെന്ന് അവൾ അറിഞ്ഞു. നഷ്ട ബോധം അവളെ വല്ലാതെ തളർത്തി. വീണ്ടും തന്റെ ഈ സ്വന്തം നാട്ടിലേക്ക് വരാൻ ഇടയാക്കണേ എന്ന് കുന്നിൽ മുകളിലെ ദേവിയോട് അവൾ നിശബ്ദയായി പ്രാർത്ഥിക്കുകയായിരുന്നു.



# DRUGS THRILL, BUT KILLS......



**Nandana G**
Second Year Pharm D

Immature mind are irretrievably drawn to minor Vices like Smoking and drinking. It all began in a fun and they gradually and unknowingly sup into the trap of drugs. Finally it grows into the dimension of addiction and they are irrecoverably lost.

This vicious tendency among children is a potential threat to lives.Beside,it has far reaching after effect in Society at large.Today's children, tomorrow's citizen and the future of nation is in their hand.

Necessary step should be taken to create the narrow that drug thrill, but kill.The only remedy is to keep from dangerous trap. once you fall in this trap, it is difficult to get out. The Society would never accept you are a responsible citizen please avoid drug without of tears

I present this article to my friend of any of them is addicted to the killer drugs. if any please get out of this killer.

PLEASE.........

# ഹാച്ചിക്കോ: ഒരു വിശ്വസ്തനായ നായയുടെ കഥ



**Dr.Boby Johns G**
Prof. & HOD of
Pharmaceutics

1923ൽ ജപ്പാനിലെ ഒഡേറ്റിനടുത്തുള്ള ഒരു കൃഷിയിടത്തിലാണ് അകിറ്റ നായയായ ഹാച്ചിക്കോ ജനിച്ചത്. ഒരു നായക്കുട്ടിയെന്ന നിലയിൽ പ്രൊഫസർ ഹിഡെസാബുറോ യുനോ അവനെ ദത്തെടുക്കുകയും ടോക്കിയോയിലേക്ക് കൊണ്ടു വരികയും ചെയ്തു. ക്രമേണ ഹച്ചിക്കോയും പ്രൊഫസറും തമ്മിലുള്ള ബന്ധം വളരെ ശക്തമായി വളർന്നു.

എല്ലാ ദിവസവും, പ്രൊഫസർ യുനോയെ ഷിബുയ റെയിൽവേ സ്റ്റേഷനിലേക്ക് ഹാച്ചിക്കോ അനുഗമിക്കുകയും അദ്ദേഹം വൈകിട്ട് ജോലിയിൽ നിന്ന് മടങ്ങിവരുന്നതുവരെ കാത്തിരിക്കുകയും ചെയ്യും. വിശ്വസ്തനായ ഈ നായ തന്റെ ഈ പതിവ് 1925 മെയ് വരെ തുടർന്നു, പ്രൊഫെസ്സറും തന്റെ ഉറ്റമിത്രമായ ഹാച്ചിക്കോയും രാവിലെയും വൈകിട്ടും ഇങ്ങനെ ഒരുമിച്ചു സഞ്ചരിച്ചു. എന്നാൽ ജോലിസ്ഥലത്തു പെട്ടെന്നുണ്ടായ ഒരു അസുഖം കാരണം പ്രൊഫസർ യുനോ അപ്രതീക്ഷിതമായി മരിച്ചു. പിന്നീട് ഒരിക്കലും അദ്ദേഹം സ്റ്റേഷനിലേക്ക് മടങ്ങിവന്നില്ല.

യജമാനൻ മരിച്ചിട്ടും, മടങ്ങിവരുമെന്ന പ്രതീക്ഷയിൽ ഹാച്ചിക്കോ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ഷിബുയ സ്റ്റേഷനിൽ കാത്തിരുന്നു. ഹാച്ചിക്കോയുടെ വിശ്വസ്തമായ ഈ കാത്തിരിപ്പ് ഏകദേശം പത്ത് വർഷത്തോളം നീണ്ടു.

ഹച്ചിക്കോയുടെ അചഞ്ചലമായ വിശ്വസ്തത നിരവധി ആളുകളുടെ ശ്രദ്ധയും ആദരവും ആകർഷിച്ചു. 1932-ൽ ജപ്പാനിലെ ഒരു പത്രത്തിലെ ലേഖനം ഹാച്ചിക്കോയുടെ കഥ ഉയർത്തിക്കാട്ടുകയും അവന് ദേശീയ പ്രശസ്തി നേടിക്കൊടുക്കുകയും ചെയ്തു. ഷിബുയ സ്റ്റേഷനിലെ യാത്രക്കാരും നാട്ടുകാരും പലപ്പോഴും അവനു ഭക്ഷണവും വിഭവങ്ങളും കൊണ്ടുവരാറുണ്ടായിരുന്നു.



ഏകദേശം 11 വർഷത്തെ കാത്തിരിപ്പിനൊടുവിൽ പരിക്ഷീണിതനായ ഹാച്ചിക്കോ തണുത്തുറഞ്ഞു മരവിച്ച ഒരു രാത്രിയിൽ 1935 മാർച്ച് 8 ന് ഷിബുയയിലെ ഒരു തെരുവോരത്തു മരണം വരിച്ചു. ടോക്കിയോയിലെ യുനോയിലെ ജപ്പാനിലെ നാഷണൽ സയൻസ് മ്യൂസിയത്തിൽ അവന്റെ അവശിഷ്ടങ്ങൾ സംരക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1934-ൽ, ഷിബുയ സ്റ്റേഷനിൽ ഹച്ചിക്കോയുടെ ഒരു വെങ്കല പ്രതിമ സ്ഥാപിച്ചു, അത് ഇന്നും വിശ്വസ്തതയുടെ പ്രതീകമായി നിലകൊള്ളുന്നു.

ഹച്ചിക്കോയുടെ കഥ വിവിധ പുസ്തകങ്ങളിലും സിനിമകളിലും മറ്റ് മാധ്യമങ്ങളിലും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. വിശ്വസ്തനും സ്നേഹനിധിയുമായ ഈ നായയുടെ ജീവിത കഥയെ അന്താരാഷ്ട്ര പ്രേക്ഷകർക്ക് പരിചയപ്പെടുത്തിയ 2009 ലെ കാനെറ്റോ ഷിൻഡോയുടെ "Hachi-A Dog's Tale" ശ്രദ്ധേയമായ ഒരു ചലച്ചിത്രാവിഷ്കാരം ആണ്. ഹാച്ചിക്കോയുടെ ഈ കഥ ഇന്നും പ്രേക്ഷകരെ ദുഃഖസാന്ദ്രമാക്കുന്നതാണ്.



# DEPRESSION

Anujith A.K.
Third year Pharm D



I hided from light
Adopted the darkness
People call me insane,
People called me Selfish
They don't know the chaos in me
They don't know how exhausted my soul is
My soul is aching
Aching for a long beautiful day
They may never come
I fell desperate
Desperate for hope
Desperate to be value again
I longed for death
Because it would be easy
They call me insane
But they don't know how depressed lam

# THE DEPARTURE



**Drisya Mariya Joseph**
8th Semester - B Pharm

Yes!!! The day has finally arrived.
Though, it was her deepest fantasy coming true but sighted as a dejection on her face.
Soon after her degree completion, she got this awesome opportunity to work in her dream country.
From that time onwards, I started dreaming of her working in Great Britain.
Yes, it came into being!
Our dream wasn't just a dream, it started to become reality. But let there be any opportunities, goals, career believes, our soul will always wander and hold where our family resides. The traditional step to being an NRI starts here with the following step: baggage packing, weight checking, making sure everything is under limit & so on…
Around that period, I was in a hard mentality with an expression resembling a stone!
Just being orderly doesn't mean that I was being normal from the inside, I literally had a hefty heart. I clearly wasn't mentally prepared for her departure. Can anybody understand the feelings of a younger sibling when her one and only sister leaves the house?
Let it be for work or education or even after marriage relocation.

...........................

Day after her departure I took out the calendar and started counting the number of days for her holidays. Just to add more spice to the curry, now I had found her clothes. Faithfully it matched her smell !!!!
Of Course it broke me into tears.
At that point I was reasoning, We were made in the same womb & now we are destined to be apart ?
All the late night talks, food cravings, hangouts will be missed. Everything that i had bought from there onwards should be ×1 instead of ×2.
Never mind, all those were my inclusive thoughts when I missed her.
It did happen for the well-being & i couldn't be any less happy about it. Let her be anywhere in the globe, I would still be her little sister and with that thought I moved on.
She did come 5 years earlier than myself, but we share most of the common brain cells together.
So, dear Human & Non-Humans you may take this as a short story or a note to my diary or even just an article or just as a memory of mine.
Just memory ? maybe more than that…
As I pen down my feelings today, I felt like sharing this with you all my peers !

# തിരിഞ്ഞുനോട്ടം



**Ms. RESHMA OMANAKUTTAN**
Assistant professor
Department of Pharmacognosy

ജീവിതത്തിന്റെ ഏറ്റവും മനോഹരമായ അല്ലെങ്കിൽ ഏറ്റവും മറക്കാനാവാത്ത ഓർമ്മകൾ തരുന്നത് കോളേജ് കാലഘട്ടം ആണല്ലോ. യൗവനകാലം അതിന്റെ കൊടുമ്പിരി കൊള്ളുന്നത് കലാലയ ജീവിതത്തിന്റെ നെറുകയിൽ ആണ്. ഒരുപാട് ഓർമ്മകൾ, സൗഹൃദങ്ങൾ, പ്രണയങ്ങൾ, സന്തോഷങ്ങൾ, സങ്കടങ്ങൾ തുടങ്ങിയ ഒരുപാട് വൈകാരിക ഭാവങ്ങൾ നമ്മളെ തേടിയെത്തുന്നതും ഈ കാലത്തിൽ തന്നെ....

ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഏഴുവർഷങ്ങൾ പത്മനാഭന്റെ മണ്ണിൽ ചിലവിടാൻ ഭാഗ്യം കിട്ടുക എന്ന് പറയുന്നത് തന്നെ വലിയ കാര്യമാണ്. ഡിഗ്രിപഠനം തിരുവനന്തപുരത്ത് ആയതുകൊണ്ട് തന്നെ ഞാൻ ഒരുപാട് ആഗ്രഹിച്ചത് ആയിരുന്നു മാസ്റ്റേഴ്സ് പഠനവും തിരുവനന്തപുരത്ത് തന്നെ വേണമെന്ന് അതായത് മെഡിക്കൽ കോളേജിൽ. എല്ലാവർക്കും ഒരു സ്വപ്നതുല്യമായ ലോകമാണ് മെഡിക്കൽ കോളേജിലെ പഠനം. മാനസിക പിരിമുറുക്കം ഒരുപാട് അനുഭവിക്കേണ്ടിവരും എന്ന് ഞാൻ വിചാരിച്ചിരുന്ന മാസ്റ്റേഴ്സ് പഠനം വളരെ സുഗമമാക്കി തീർത്തത് ആ കലാലയ ചുറ്റുപാടും ഒപ്പം എന്റെ കൂടെയുള്ളവരും ആയിരുന്നു. ഒരുപാട് തിക്താനുഭവങ്ങളും വൈകാരിക തലങ്ങളുടെ വേലിയേറ്റങ്ങളും സംഭവിച്ച ഡിഗ്രി പഠന കാലഘട്ടത്തിൽ ഒപ്പം ലഭിച്ച ജീവിതപാഠങ്ങളും കൊണ്ടാണ് ഞാൻ മെഡിക്കൽ കോളേജിലേക്ക് ചുവട് വെക്കുന്നത്. തിക്താനുഭവങ്ങൾ മാത്രമല്ല കേട്ടോ നല്ല നല്ല സുഹൃത്തുക്കളും അധ്യാപകരും അതിലേറെ അനുഭവങ്ങളും എന്റെ കൂടെ ഉണ്ടായിരുന്നു....

